26
ജൂൺ
2018

# കളരി

41
VOL.
No: 01

കേരള സർവകലാശാല കമ്മ്യൂണിക്കേഷൻ & ജേർണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം

ഇ - പേപ്പറിനായി
ക്യൂ ആർ കോഡ്
സ്കാൻ ചെയ്യുക

കേരള പി. ജി പ്രവേശനം
റാങ്ക് പട്ടിക സെപ്റ്റം. 6ന്

## പതിനായിരം അപേക്ഷകർ

അക്ഷര.എ.കെ

**കാര്യവട്ടം:** കേരള സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള ഈ വർഷത്തെ പ്രവേശനം സെപ്റ്റംബർ 18ന് ആരംഭിക്കും. എം. എ,എം.എസ്സി,എം.കോം,എം.എഡ്,എം.സി.ജെ, എം.എസ്.ഡബ്ല്യു,ലൈബ്രറി സയൻസ്, എം.ടെക്,എൽ.എൽ.എം. കോഴ്സുകളിലേക്കാണ് പ്രവേശനം.

മെയ് 20 മുതൽ 25 വരെ തിരുവനന്തപുരം, എറണാകുളം കേന്ദ്രങ്ങളിൽ നടത്തിയ പരീക്ഷയിൽ 10,100ൽ അധികം വിദ്യാർത്ഥികൾ പങ്കെടുത്തു. ആഗസ്റ്റ് 6 ന് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് 16 മുതൽ പ്രവേശനം നടത്താനായിരുന്നു ആദ്യ തീരുമാനം. എന്നാൽ സാങ്കേതിക പ്രശ്നങ്ങൾ കാരണം പ്രവേശന നടപടികൾ നീട്ടിവയ്ക്കുകയായിരുന്നു .

പ്രവേശന പരീക്ഷയുടെ മാർക്ക് പ്രസിദ്ധീകരിച്ച ശേഷം വിദ്യാർത്ഥികൾ തങ്ങളുടെ ബിരുദ കോഴ്സിന്റെ മാർക്ക് വിവരങ്ങൾ വെബ്സൈറ്റിൽ ചേർക്കണം. പുതുക്കിയ തിയതി പ്രകാരം ആഗസ്റ്റ് 6 വരെ വിദ്യാർത്ഥികൾക്ക് മാർക്ക് അപ്ലോഡ് ചെയ്യാം. സെപ്റ്റംബർ 6ന് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും. 18ന് പ്രവേശനം ആരംഭിച്ച് സെപ്റ്റംബർ 19ന് ക്ലാസുകൾ ആരംഭിക്കും.




സർവകലാശാലയുടെ സി.എസ്.എസ്. വിഭാഗത്തിനാണ് പരീക്ഷ നടത്തുന്നത്തിനുള്ള ചുമതല. മൂല്യനിർണ്ണയം സാങ്കേതിക സഹായത്തോടും ബന്ധപ്പെട്ട പഠന വിഭാഗങ്ങളിലെ അധ്യാപകരുടെ മേൽനോട്ടത്തിലുമാകും നടക്കുന്നത്. 42 പഠന വിഭാഗങ്ങളിലും മേധാവിമാരാണ് പ്രവേശന നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നത്. പ്രവേശനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ മെമ്മോയും, ഫീസ് അടച്ച ചെല്ലാനും അനുബന്ധ രേഖകളുമായി ബന്ധപ്പെട്ട പഠന വകുപ്പുകളിൽ എത്തേണ്ടതാണ്. നിർദിഷ്ട സമയത്ത് എത്തിച്ചേരാത്ത അപേക്ഷകരെ അയോഗ്യരാക്കും.

# 75ന്റെ നിറവിൽ സർവകലാശാല ലൈബ്രറി

ദിൽഷ ഡി

**തിരുവനന്തപുരം:** തലമുറകളെ അറിവിലൂടെ കൈപിടിച്ച് നടത്തിയ കേരള സർവകലാശാല ലൈബ്രറി എഴുപത്തിയഞ്ചാം വയസിലേക്ക് കടക്കുന്നു.

1942ൽ പ്രവർത്തനമാരംഭിച്ച ലൈബ്രറി തലസ്ഥാനനഗരിയിലെ ഹൃദയസ്പന്ദനമായി നിലകൊള്ളുന്നു. വാർഷികാഘോഷ വേളയിൽ ജ്ഞാനപീഠ ജേതാവും പ്രശസ്ത എഴുത്തുകാരനുമായ ഒ എൻ.വി കുറിപ്പിനോടുള്ള ആദരസൂചകമായി ഇരുപത്തിനാലാമത് ഗ്രന്ഥസൂചിക പുറത്തിറക്കാൻ സാധിച്ചു എന്നത് ലൈബ്രറിയുടെ നേട്ടങ്ങളിൽ ഒന്നുമാത്രം.


*കേരള യൂണിവേഴ്സിറ്റി ലൈബ്രറി*

തിരുവിതാംകൂർ യൂണിവേഴ്സിറ്റി ലൈബ്രറിയാണ് പിൽക്കാലത്ത് കേരളാ യൂണിവേഴ്സിറ്റി ലൈബ്രറി എന്ന് അറിയപ്പെടാൻ തുടങ്ങിയത്. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഫിലിയേറ്റഡ് കോളേജുകൾക്കും സഹായകരമായ ഒരു പഠന കേന്ദ്രമായി കേരള യൂണിവേഴ്സിറ്റി ലൈബ്രറി മാറി. കാര്യവട്ടം ക്യാമ്പസ് ഉൾപ്പെടെ നാൽപത്തിമൂന്ന് അധ്യാപനവിഭാഗങ്ങളും, കൊല്ലം, ആലപ്പുഴ, പന്തളം എന്നിവിടങ്ങളിലെ ലൈബ്രറികളും കേരള യൂണിവേഴ്സിറ്റി ലൈബ്രറിയുടെ ഭാഗമാണ്. സയൻസ്, ഹ്യുമാനിറ്റീസ് മേഖലകളിൽ മികച്ച സംഭാവനകൾ നൽകുന്ന വ്യക്തികൾക്ക് പ്രത്യേക അംഗത്വം ലൈബ്രറി ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ, ഗവേഷകർ, അധ്യാപകർ എന്നിവർ ഉൾപ്പെടെ മൂവായിരത്തിലേറെ ആളുകൾ സന്ദർശിക്കുന്ന ലൈബ്രറിയിൽ വായനക്കാർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഫർമേഷൻ ഡെസ്ക് അതിനൊരു ഉദാഹരണമാണ്. ഇവിടെ ഏതാണ്ട് മൂന്നുലക്ഷത്തി അൻപതിനായിരത്തിൽ പരം പുസ്തകങ്ങളുണ്ട്. കൂടാതെ വിവിധയിനം ആനുകാലിക പ്രസിദ്ധീകരണങ്ങളും മാഗസിനുകളും, യു ജി സി ഇൻഫോനെറ്റ് പോലുള്ള ഡിജിറ്റൽ വിവരസേവനങ്ങളും ഇവിടെ ലഭ്യമാണ്.

കേരള വിഭാഗം, ഗവേഷണം, ഡോക്യുമെന്റേഷൻ ആന്റ് ഇൻഫർമേഷൻ ഐക്യരാഷ്ട്ര ലോകബാങ്ക് പ്രസിദ്ധീകരണ വിഭാഗം എന്നിവയാണ് ലൈബ്രറിയുടെ വിവിധ വിഭാഗങ്ങൾ. യൂണിവേഴ്സിറ്റി ലൈബ്രറിയുടെ ഏറ്റവും പ്രശസ്തമായ ഭാഗം കേരള റെഫറൻസ് സെക്ഷനാണ്. കേരളത്തിന്റെ ശാസ്ത്രം, സംസ്ക്കാരം, പൈതൃകം, ഭാഷ, സാഹിത്യം, രാഷ്ട്രീയം എന്നീ മേഖലകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി 1973 ലാണ് ഈ വിഭാഗം ആരംഭിച്ചത്. കേരള സാഹിത്യത്തിനൊപ്പം ആയുർവേദം, മതം, തത്ത്വശാസ്ത്രം, നരവംശ ശാസ്ത്രം, വിദ്യാഭ്യാസം, വാസ്തുവിദ്യ എന്നീ വിഷയങ്ങളെ പറ്റിയുള്ള പുസ്തകങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പതിനെട്ടാം നൂറ്റാണ്ട് മുതലുള്ള അപൂർവ രേഖകളുടെ സമഗ്ര ശേഖരവും ഈ വിഭാഗത്തിന്റെ പ്രത്യേകതയാണ്. ഐക്യരാഷ്ട്ര, ലോകബാങ്ക് പ്രസിദ്ധീകരണങ്ങളുടെ ശേഖരമുള്ള കേരളത്തിലെ ഏകലൈബ്രറിയാണിത്.

വിവരങ്ങൾ എളുപ്പത്തിൽ ആവശ്യക്കാരിലേക്ക് എത്തിക്കുന്നതിനും അവ നഷ്ടപ്പെടാതിരിക്കുന്നതിനുമായി വിലപ്പെട്ട ഡോക്യുമെന്റുകൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടികൾ പുരോഗമിക്കുകയാണ്. അതോടൊപ്പം പൂർണമായ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്കുള്ള പരിവർത്തനം, റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ എന്നീ സംവിധാനങ്ങൾ രണ്ടാംഘട്ടത്തിലാണ്.

ഒന്നര മാസം മുമ്പ് ലൈബ്രേറിയൻ ഹംസ സ്ഥാനം ഒഴിഞ്ഞതിനെത്തുടർന്ന് കാര്യവട്ടം കാമ്പസ് ലൈബ്രറിയിലെ ഡെപ്യൂട്ടി ലൈബ്രേറിയനായ എം ആർ മായയാണ് യൂണിവേഴ്സിറ്റി ലൈബ്രറിയുടെ ഇപ്പോഴത്തെ ചുമതലകൾ വഹിക്കുന്നത്.

പേജ്: 02 ദൃശ്യമാധ്യമ രംഗത്തെ പുത്തൻ ഇടങ്ങൾ തേടി
പേജ്: 03 ആളൊരുങ്ങി.. അരങ്ങൊരുങ്ങി..
പേജ്: 04 കേരളത്തിൽ തലതിരിഞ്ഞ പനി: നിപ
പേജ്: 05 ചിത്രാഞ്ജലിയുടെ ചരിത്രത്തിലേക്ക്....


*നയൻ*

# വിജ്ഞാന ലോകത്തെ വിസ്മയം

സുകൃത എസ്

**തിരുവനന്തപുരം:** ഓട്ടിസത്തിന്റെ വൈകല്യങ്ങളെ മറികടന്ന് വിജ്ഞാനത്തിന്റെ ലോകത്ത് ഉയരങ്ങൾ കീഴടക്കുകയാണ് കൊല്ലം പുത്തൂർ സ്വദേശി നയൻ എന്ന മൂന്നാം ക്ലാസ് വിദ്യാർത്ഥി. വൈകല്യം പ്രതീക്ഷകൾ ഇല്ലാതാക്കും എന്ന ചിന്തയെ കാറ്റിൽ പറത്തുന്നതാണ് നയന്റെ കഴിവുകൾ. ഓട്ടിസം ബാധിതനായ നയൻ മാതാപിതാക്കളായ പ്രിയങ്കയ്ക്കും ശ്യാമിനും പ്രതീക്ഷകളുടെ കലവറയാണ്. ഏഴ് വയസ്സു മാത്രം പ്രായമുള്ള നയൻ പ്രസിദ്ധീകരിച്ചത് രണ്ട് പുസ്തകങ്ങളാണ്.

ഇൻക്രെഡിബിൾ ബുക്ക് ഓഫ് റിക്കോഡിന്റെ വേൾഡ് റെക്കോഡ് നേടിയ നയൻ ഇന്ത്യൻ ഭാഷയും വിദേശ ഭാഷയും ഉൾപ്പടെ പതിനാല് ഭാഷകൾ സ്വായത്തമാക്കിയിട്ടുണ്ട്. കൂടാതെ രണ്ട് ഷോർട്ട് ഫിലിമുകൾക്ക് കഥയും തിരക്കഥയുമെഴുതി. രണ്ടാം വയസിൽ ഓട്ടിസം സ്ഥിതീകരിച്ചപ്പോൾ നയന്റെ മാതാപിതാക്കൾ അതീവ ദു:ഖിതരായിരുന്നു. എന്നാൽ അവർ ഇന്ന് തന്റെ മകന്റെ കഴിവുകളിൽ ആനന്ദിക്കുകയും അഭിമാനിക്കുകയുമാണ്. സംസാരശേഷി നഷ്ടപ്പെട്ട നയൻ അത് വീണ്ടെടുക്കാൻ ഒരുപാട് ശ്രമങ്ങൾ നടത്തിയെങ്കിലും ഒന്നും ഫലം കണ്ടില്ല. പേന പിടിക്കാനും എഴുതാനും കൈവഴങ്ങാത്ത നയനെ അമ്മ ലാപ് ടോപ്പ് പരിശീലിപ്പിച്ചു. അതിലൂടെ അക്ഷരങ്ങളുടെയും ഭാഷകളുടെയും ലോകം നയൻ കീഴക്കി.

ചെറുകവിതകളിൽ തുടക്കം കുറിച്ച് പിന്നീട് പുസ്തകങ്ങളിലേക്കുള്ള മാറ്റം പെട്ടെന്നായിരുന്നു. ആദ്യ പുസ്തകമായ *ജേർണി ഓഫ് മൈ സോൾ* എന്ന പുസ്തകത്തിൽ പത്ത് കവിത, അഞ്ച് ഉപന്യാസം, ആയുർവേദം, ഓട്ടിസം ബഡ് പേഷ്യന്റ്സ്, നല്ല അറിവുകൾ തുടങ്ങി വിവിധ വിഷയങ്ങളെ കുറിച്ചുള്ള ഇരുപത്തിയഞ്ച് ചോദ്യോത്തരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ഇരുപതോളം അവാർഡുകൾ കരസ്ഥമാക്കിയ ഈ പുസ്തകത്തിന് കേരള സാഹിത്യ അക്കാദമി പ്രത്യേക പുരസ്കാരം നൽകി ആദരിച്ചു.

നയന്റെ കഴിവുകൾ കേട്ടറിഞ്ഞ തിരുവനന്തപുരം ജില്ലാ കളക്ടർ കെ. വാസുകി നയനെ നേരിട്ട് വിളിപ്പിച്ചു. നയന്റെ കഴിവുകൾ വിലയിരുത്തുന്നതിനായി വിദഗ്ദ്ധ സംഘത്തെ ചുമതലപ്പെടുത്തി. സംഗീതം, ആതുരസേവന രംഗം, അധ്യാപനം, ഗണിത ശാസ്ത്ര രംഗം തുടങ്ങിയ മേഖലയിലുള്ള പ്രഗത്ഭരടങ്ങുന്ന സംഘത്തിന്റെ ഓരോ ചോദ്യത്തിനും വ്യക്തമായ ഉത്തരങ്ങൾ നയൻ നൽകി.

കഴിഞ്ഞ ഓട്ടിസം ദിനത്തിൽ പുറത്തിറങ്ങിയ രണ്ടാമത്തെ പുസ്തകമായ *ടു ഫൈൻഡ് ഓൺ യൂണിവേഴ്സ്* നയന്റെ ആഗ്രഹപ്രകാരം ഗവർണർ പി സദാശിവം പ്രകാശനം ചെയ്തു. പ്രകൃതി, തത്ത്വചിന്ത, സുപ്രധാന വ്യക്തികൾ, ശാസ്ത്രം, സ്പിരിച്വൽ സയൻസ് എന്നിവയുൾപ്പെടുത്തി കൊണ്ടാണ് എഴുതിയത്. കൂടാതെ *ഇൻക്രെഡിബിൾ ബുക്ക് ഓഫ് ഓട്ടിസ്റ്റിക്* റെക്കോഡിൽ ഏറ്റവും പ്രായം കുറഞ്ഞ ചൈൽഡ് ഫിലോസഫർ എന്ന ബഹുമതിക്ക് അർഹനാണ് നയൻ.

സംസാരിക്കാൻ കഴിവുണ്ടായിട്ടും മൊബൈലിൽ മുഴുകിയിരിക്കുന്ന യുവതലമുറയെ പറ്റി നയൻ കഥയും തിരക്കഥയും രചിച്ച ആദ്യ ഷോർട്ട് ഫിലിമാണ് *സൈലന്റ് ഇൻ മൊബൈൽ*. ഇതിന് കൊച്ചിൻ ഫിലിം സൊസൈറ്റിയുടെ മികച്ച ഷോർട്ട് ഫിലിമിനുള്ള അവാർഡ് ലഭിച്ചു. രണ്ടാമത്തെ ഷോർട്ട് ഫിലിമായ *റൈസ് ഓട്ടിസം* നയന്റെ ആത്മകഥയെ അടിസ്ഥാനമാക്കിയുള്ളതാണ്.

ഓട്ടിസം ബാധിതരായ കുട്ടികൾക്ക് കുറവുകൾ അല്ല കഴിവുകളാണ് കൂടുതലെന്ന് നയൻ തന്റെ ജീവിതം കൊണ്ട് തെളിയിച്ചു.

# ഡിസിജെ

## വരുന്നൂ, ഡിസിജെ വീഡിയോ ന്യൂസ് ബുള്ളറ്റിൻ


DCJ NEWS

കാര്യവട്ടം ക്യാമ്പസിലെ രണ്ടാം വർഷ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന വീഡിയോ ന്യൂസ് ബുള്ളറ്റിൻ അടുത്ത മാസം പുറത്തിറങ്ങും. ക്യാമ്പസിനുള്ളിലെ വാർത്തകളും, പുറത്തുള്ള വാർത്തകളും വേർതിരിച്ച് രണ്ട് ന്യൂസ് ബുള്ളറ്റിനുകളാണ് ആദ്യ ഘട്ടത്തിൽ പുറത്തിറക്കുന്നത്. ഇതിനായുള്ള ന്യൂസ് പാക്കേജുകൾ വിദ്യാർഥികൾ തയ്യാറാക്കി കഴിഞ്ഞു.

## മോജോയിൽ പുത്തനറിവ് പകർന്ന് മേരി എലിസബത്ത് മുള്ളർ

അൻസ സലിം

**കാര്യവട്ടം:** സാങ്കേതിക സംവിധാനങ്ങൾ സമൂഹത്തിന്റെ സമസ്ത മേഖലയിലും സ്വാധീനം ചെലുത്തുമ്പോൾ വാർത്താ വിനിമയ രംഗത്ത് മോജോയുടെ(മൊബൈൽ ജേർണലിസം) സാധ്യതകൾ ഏറെയെന്നു കമ്മ്യൂണിക്കേഷൻ വിദഗ്ദ്ധയും ജർമനി സ്റ്റഗാർഡ് യൂണിവേഴ്സിറ്റി പ്രൊഫസറുമായ *മേരി എലിസബത്ത് മുള്ളർ*. കേരള യൂണിവേഴ്സിറ്റി കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പ് ജൂൺ 21നു മാക്സെൽ ഫെർണാണ്ടസ് ഹാളിൽ സംഘടിപ്പിച്ച ഏകദിന വർക്ക്ഷോപ്പിൽ മുള്ളറുടെ സാന്നിധ്യം വിദ്യാർത്ഥികൾക്ക് ഏറെ ഫലപ്രദമായി. മോജോ ഗുരുവായ മുള്ളറും ഏഷ്യാനെറ്റ് ന്യൂസ് ഡിജിറ്റൽ വിംഗ് ടെക്നിഷ്യൻ വരുൺ രമേശും സംയുക്തമായാണ് വിദ്യാർത്ഥികളുമായി സംവദിച്ചത്.



മേരി എലിസബത്ത് മുള്ളർ

ലെജൻഡ്, പിക് പ്ലേ പോസ്റ്റ്, കിക്ക്, ഫോട്ടോമാപ്പ് തുടങ്ങി മോജോയിൽ ഉപയോഗിക്കുന്ന വിവിധയിനം മൊബൈൽ ആപ്പുകളും അവയുടെ ഉപയോഗങ്ങളും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി. ഇത്തരം ആപ്പുകൾ മോജോയുടെ സാധ്യത വർധിപ്പിക്കുകയും വളരെ എളുപ്പത്തിൽ തന്നെ വാർത്താവിനിമയം സാധ്യമാക്കുകയും ചെയ്യുന്നു. ദൈർഘ്യമേറിയ വാർത്താ അവതരണ ശൈലിയിൽ നിന്ന് ദൈർഘ്യം കുറഞ്ഞ ചെറു വാർത്തകളിലേക്ക് ലോകം മാറുമ്പോൾ ഇത്തരം ആപ്പുകളുടെ സഹായം അനിവാര്യമാകുന്നു. മൊബൈൽ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിക്കുകയാണെങ്കിൽ വാർത്താവിനിമയ രംഗത്ത് വലിയ തോതിലുള്ള മുന്നേറ്റം സാധ്യമാണെന്നും മുള്ളർ വ്യക്തമാക്കി.

ത്രിദിന ശിൽപ്പശാല

## ദൃശ്യമാധ്യമ രംഗത്തെ പുത്തൻ ഇടങ്ങൾ തേടി

ആതിര ബി അശോക്

**കാര്യവട്ടം:** കേരള സർവകലാശാല ക്യാമ്പസ്സിലെ കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ *ടെലിവിഷൻ പ്രൊഡക്ഷൻ* എന്ന വിഷയത്തെ ആസ്പദമാക്കി ത്രിദിന ശിൽപ്പശാല മെയ് 29, 30, 31 തീയതികളിൽ സംഘടിപ്പിച്ചു. മാധ്യമ രംഗത്തെ നൂതന സാങ്കേതിക വിദ്യകളും അവയ്ക്കൊപ്പം മാറുന്ന അവതരണശൈലിയും ആയിരുന്നു വിഷയം.

മാതൃഭൂമി സീനിയർ സബ് എഡിറ്റർ ശ്രീജ ടെലിവിഷൻ അവതരണത്തിന്റെ പ്രാധാന്യത്തെ പറ്റിയും മനോരമ ന്യൂസിലെ സ്പെഷ്യൽ കറസ്പോണ്ടന്റ് *ശ്രീദേവി പിള്ള* ദൃശ്യ മാധ്യമത്തിലെ ന്യൂസ് ഘടനയെപറ്റിയും ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ *ബിജു* ദൃശ്യമാധ്യമ രംഗത്തെ സാങ്കേതിക വിദ്യകളെ പറ്റിയും ക്ലാസുകൾ എടുത്തു.

ടെലിവിഷൻ രംഗത്ത് മാധ്യമങ്ങൾ നേരിടുന്ന പ്രശ്നങ്ങളും, പ്രതിസന്ധികളും ചർച്ചയിൽ ഉൾപ്പെടുത്തി. ശിൽപ്പശാലക്ക് മുന്നോടിയായി ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ ബിജുവിന്റെ നേതൃത്വത്തിൽ മാധ്യമ വിദ്യാർഥികൾക്കായി ഏകദിന സെമിനാർ സംഘടിപ്പിച്ചിരുന്നു. ദൃശ്യ മാധ്യമ രംഗത്തിലെ പുതിയ വാതായനങ്ങൾ തുറന്നിട്ട ശിൽപ്പശാലയിൽ വിദ്യാർത്ഥികൾ പകർത്തിയ ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിച്ചു.

ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. എം എസ് ഹരികുമാർ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ പ്രഫ. കെ.എസ് സുരേഷ് അദ്ധ്യക്ഷത വഹിച്ചു.





മാധ്യമ പ്രവർത്തക ശ്രീദേവി പിള്ളയും (മുകളിൽ) ശ്രീജ ശ്യാമും വിദ്യാർത്ഥികളുമായി സംവദിക്കുന്നു

## ത്രിദിന ചലച്ചിത്ര മേള

സുമോദ് എസ് എം

**കാര്യവട്ടം:** കേരള സർവകലാശാലാ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ മാധ്യമ വിദ്യാർഥികൾക്കായി മെയ് 23, 24, 25 തീയതികളിൽ ചലച്ചിത്ര പ്രദർശനം സംഘടിപ്പിച്ചു. ദേശീയ, അന്തർദേശീയ സിനിമകൾ ഉൾപ്പെടുത്തിയ മേള ഡിപ്പാർട്മെന്റ് മേധാവി ഡോ. എം. എസ്.ഹരികുമാർ ഉദ്ഘാടനം ചെയ്തു.

സിനിമാ നിരൂപകനും കാര്യവട്ടം ക്യാമ്പസിലെ ഗവേഷകനുമായ ദീപക് ഓരോ സിനിമയെ പറ്റിയും അവലോകനം നടത്തി.

ആദ്യ ദിവസം നാല് ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. ലൂയിസ് ബുനെൽ സംവിധാനം ചെയ്ത *ആൻ അണ്ടലൂഷ്യൻ ഡോഗ്* ആയിരുന്നു ഉദ്ഘാടന ചിത്രം. സർറിയലിസത്തിന് അനുയോജ്യമായ ഉദാഹരണമാണ് 1929ൽ പുറത്തിറങ്ങിയ ഈ ചിത്രം. 29 മിനിറ്റ് ദൈർഘ്യമുള്ള ചിത്രം മനുഷ്യന്റെ ഉപബോധ മനസ്സിലെ ചിന്തകളെ കോറിയിട്ടു.





ജർമൻ എക്സ്പ്രഷനിസം വിഭാഗത്തിൽപ്പെടുന്ന *ദി കാബിനറ്റ് ഓഫ് ഡോക്ടർ കാലിഗരി*യാണ് രണ്ടാമത് പ്രദർശിപ്പിച്ചത്. 1920ൽ പുറത്തിറങ്ങിയ ഈ ചിത്രം സംവിധാനം ചെയ്തത് റോബർട്ട് വെയ്ൻ ആണ്.

ഐസൻസ്റ്റീൻ സംവിധാനം ചെയ്ത് 1925ൽ പുറത്തിറങ്ങിയ *ബാറ്റിൽഷിപ് പൊട്ടംകിൻ* ആണ് ആദ്യ ദിവസം പ്രദർശിപ്പിച്ച അടുത്ത ചിത്രം. സെർജി ഐസെൻസ്റ്റെയ്ന്റെ സംവിധാനമികവിൽ പിറന്ന ഈ ചിത്രം *മൊണ്ടാഷ്* ചിത്രസംയോജന വിദ്യ പരീക്ഷിച്ച ചിത്രമാണ്. പ്രദർശനത്തിന്റെ ആദ്യദിനം ഏറ്റവും ഒടുവിൽ പ്രദർശിപ്പിച്ച ചിത്രമാണ് *മോഡേൺ ടൈംസ്.* വ്യാവസായ കവത്കരണത്തിന്റെ ദൂഷ്യവശങ്ങൾ ഹാസ്യ രൂപേണ അവതരിപ്പിച്ചിരിക്കുന്ന ചിത്രം ചാർളി ചാപ്ലിന്റെ മികച്ച ചിത്രങ്ങളിൽ ഒന്നാണ്.

വിക്ടോറിയ ഡിസിക്കയുടെ വിഖ്യാത ചിത്രം *ബൈസിക്കിൾ തീവ്സ്* രണ്ടാം ദിനത്തിൽ പ്രദർശിപ്പിച്ചു. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ഇറ്റലിയിലെ ഒരു സാധാരണക്കാരൻ നേരിടുന്ന ബുദ്ധിമുട്ടുകളും ദിവസവേതനം കണ്ടെത്താനുള്ള അവന്റെ നെട്ടോട്ടവും വരച്ചുകാട്ടുന്ന ഈ ചിത്രം 1949ലാണ് പുറത്തിറങ്ങിയത്. തുടർന്ന് 1960ൽ പുറത്തിറങ്ങിയ *ബ്രത്ത്ലെസ്* പ്രദർശിപ്പിച്ചു. ജീൻ ലക്ക് ഗൊദാർദ് സംവിധാനം ചെയ്ത ചിത്രം പ്രണയത്തിന്റെ സംങ്കീർണതകളെ കാഴ്ചക്കാരിൽ എത്തിക്കുകയായിരുന്നു. 1950ൽ പുറത്തിറങ്ങിയ അകിറ കുറസോവ സംവിധാനം ചെയ്ത *റഷോമോൻ* ആണ് രണ്ടാംദിനത്തിൽ പ്രദർശിപ്പിച്ച അവസാന ചിത്രം.

മൂന്നാം ദിനത്തിൽ ആദ്യം പ്രദർശിപ്പിച്ചത് റോമൻ പൊളാൻസ്കിയുടെ *ചൈനാടൗൺ* ആയിരുന്നു. ഫിലിം നോയർ ഗണത്തിൽ പെടുന്ന ചിത്രം 1974ൽ ആണ് പുറത്തിറങ്ങിയത്. ഇന്ത്യകണ്ട മഹാനായ സംവിധായകൻ സത്യജീറേയുടെ *ചാരുലത* ആയിരുന്നു മേളയിലെ ഒടുവിലത്തെ ചിത്രം. 1964ൽ ആണ് പുറത്തിറങ്ങിയ ഈ ബംഗാളി ചിത്രം കുടുംബബന്ധത്തിന്റെയും സ്നേഹബന്ധത്തിന്റെയും തീക്ഷ്ണത വരച്ചുകാട്ടുന്നു.

മൂന്നു ദിവസങ്ങളിലായി ഒൻപതു ചിത്രങ്ങൾ ഉൾപ്പെടുത്തി നടത്തിയ മേള സിനിമാലോകത്തെ അനന്ത വിസ്മയങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി. ചലച്ചിത്ര ലോകം സഞ്ചരിച്ച പാതയും, കടന്നുവന്ന മാറ്റങ്ങളും, വൈവിധ്യങ്ങളും ഒരുപിടി ചിത്രങ്ങളിലൂടെ വിദ്യാർഥികളിലേക്ക് എത്തിക്കുവാൻ ചലച്ചിത്രമേളയിലൂടെ സാധിച്ചു.

## ഡോക്യുമെന്ററി നിർമാണത്തിൽ ശില്പശാല

ആതിര ബി അശോക്

**തിരുവനന്തപുരം:** കേരള സർവകലാശാല ഡിപ്പാർട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പും, വക്കം മൗലവി ഫൗണ്ടേഷൻ ട്രസ്റ്റും സംയുക്തമായി ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. ഡോക്യുമെന്ററി നിർമാണം എന്ന വിഷയത്തെ ആസ്പദമാക്കി ജൂൺ 12, 13 തീയതികളിൽ നടന്ന ശില്പശാലയിൽ സീഡിറ്റ് കമ്മ്യൂണിക്കേഷൻ വിഭാഗം മുൻ മേധാവി ഡോ. കെ. മോഹൻ കുമാറും, പ്രശസ്ത സംവിധായകനും തിരക്കഥാകൃത്തുമായ സൂരജ് വർമ്മയും ഡോക്യുമെന്റെറി നിർമാണത്തിന്റെ വിവിധ തലങ്ങളെ പറ്റി ക്ലാസുകൾ എടുത്തു.

ദൃശ്യ മാധ്യമ രംഗത്ത് ഡോക്യുമെന്ററിയുടെ അനന്തസാധ്യതകളെ പറ്റി പ്രതിപാദിച്ച ശില്പശാലയിൽ വിദ്യാർത്ഥികൾ നിർമ്മിച്ച ഡോക്യുമെന്ററി ചിത്രങ്ങൾ പ്രദർശിപ്പിച്ചു. വക്കം മൗലവി ഫൗണ്ടേഷൻ ഹാളിൽ നടന്ന ശില്പശാല വക്കം മൗലവി ട്രസ്റ്റ് ചെയർമാൻ ഇ. ആർ.സുഹൈർ ഉദ്ഘാടനം ചെയ്തു.


കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പ് മേധാവി ഡോ. എം. എസ്. ഹരികുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ലോകപ്രസിദ്ധമായ ഡോക്യുമെന്ററികൾ പ്രദർശിപ്പിച്ചു



ഡോക്യുമെന്ററി ശിൽപ്പശാലയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ

**Editor:** Dr. M.S Harikumar **Editorial Team:** Ajmal N.S, Athira A.S, Bhavapriya J.U, Lucky Prakesh, Dilsha D **Layout & Design:** Anandu A

# ക്യാമ്പസ്




## പുസ്തക പ്രകാശനം നടത്തി

കാര്യവട്ടം ക്യാമ്പസ് ഗവേഷണ യൂണിയന്റെ ആഭിമുഖ്യത്തിൽ ജൂൺ 19 വ്യാഴാഴ്ച പുസ്തക പ്രകാശനം നടത്തി. ക്യാമ്പസിലെ ഗവേഷക വിദ്യാർത്ഥിയായ എൻ നൗഫലിന്റെ രചനാ വൈഭവത്തിൽ പിറന്ന ഇരുണ്ട കാലത്തെ വാക്കുകൾ എന്ന പുസ്തകമാണ് പ്രകാശിപ്പിച്ചത്. കാര്യവട്ടം ക്യാമ്പസ് ബോട്ടണി സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ കേരള വൈദ്യുതി വകുപ്പ് മന്ത്രി എം എം മണിയിൽ നിന്നും പ്രശസ്ത കവി പ്രഭാവർമ്മ ആദ്യ കോപ്പി ഏറ്റുവാങ്ങി

# ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ ഗാർഡൻ

അജ്മൽ എൻ എസ്

**തിരുവനന്തപുരം:** നഗരത്തിലെ ഏറ്റവും മികച്ച വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ് കനകക്കുന്ന് കൊട്ടാരം. എന്നാൽ ഇവിടത്തെ സസ്യങ്ങളുടെ ജൈവവൈവിധ്യത്തെക്കുറിച്ചു ആരും തന്നെ ഇതുവരെ പഠനം നടത്താൻ ശ്രമിച്ചിട്ടില്ല.കേരള സർവകലാശാല ബോട്ടണി വിഭാഗം എം എസ് സി വിദ്യാർത്ഥിയായ അഖിലേഷ് എസ്. വി. നായരും ഡോ. എ. ഗംഗപ്രസാദും ചേർന്ന് ഇവിടെയുള്ള സസ്യങ്ങളുടെ പഠനവും അവയുടെ ഡിജിറ്റലൈസേഷനും നടത്തി തുടക്കം കുറിച്ചു.

126 ഇനം വൃക്ഷങ്ങളും പൂന്തോട്ട സസ്യങ്ങളും പഠനത്തിലൂടെ രേഖപ്പെടുത്തിയിട്ടുണ്ട്. വെബ്സൈറ്റ് തയ്യാറാക്കൽ, ക്യു ആർ കോഡ് ലിങ്കിങ്, ആൻഡ്രോയ്ഡ് അപ്ലിക്കേഷൻ സൃഷ്ടിക്കൽ തുടങ്ങിയവയിലൂടെ എല്ലാ ഡാറ്റയും ഡിജിറ്റൽവൽക്കരിക്കപ്പെട്ടു.കൊട്ടാരത്തിലെ സസ്യങ്ങളുടെ വിവരങ്ങൾ ഡിജിറ്റൽവത്കരിക്കുന്നതിലൂടെ സന്ദർശകർക്കു ഇവിടത്തെ ജൈവ വൈവിധ്യത്തെക്കുറിച്ച് കൂടുതൽ അറിയാനുള്ള അവസരമുണ്ടാകുന്നു. ഇതിലൂടെ കനകക്കുന്ന് കൊട്ടാരം ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ ഗാർഡനുള്ള പൊതു സ്ഥലമായി മാറി.

*ഡിജിറ്റൽ ഫ്ലോറ, ഡിജിറ്റൽ ഗാർഡൻ* എന്നീ ആശയങ്ങൾ സസ്യ വർഗ്ഗീകരണധർമ്മത്തിലെ പുത്തനാശയങ്ങളാണ്. ഗൂഗിൾ ബ്ലോഗർ ഉപയോഗിച്ച്വെബ്സൈറ്റ് ബ്ലോഗ് സൃഷ്ടിച്ച് മുഴുവൻ ഡാറ്റയും ഡിജിറ്റൽ ചെയ്തു. സസ്യശാസ്ത്രത്തിൽ താല്പര്യമുള്ളവർക്കു സൗജന്യമായി ബ്ലോഗർ ഉപയോഗിക്കാം.

കനകക്കുന്നിലെ വൃക്ഷപൂന്തോട്ട സസ്യങ്ങളുടെ വിശദവിവരങ്ങളടങ്ങിയ ആൻഡ്രോയിഡ് ആപ്ലിക്കേഷനും പഠനത്തിന്റെ ഭാഗമായി സൃഷ്ടിച്ചു.ആപ്ലിക്കേഷനിൽ സസ്യങ്ങളുടെ ശാസ്ത്രീയ നാമം, പ്രാദേശിക നാമം, സസ്യത്തിന്റെ ചിത്രം, വെബ്സൈറ്റിലേക്കുള്ള ലിങ്ക് എന്നിവയുൾപ്പെടുത്തിയിട്ടുണ്ട്.കൂടാതെ കനകക്കുന്നിലെ പ്രധാന വൃക്ഷങ്ങൾ ലേബൽ ചെയ്തു.

സസ്യത്തിന്റെയും ലേബലിൽ അതിന്റെ ക്യു ആർ കോഡുമുണ്ട്. അതിനാൽ കനകക്കുന്ന് കൊട്ടാരം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് ആ സസ്യത്തിന്റെ വിശദവിവരങ്ങൾ ക്യു ആർ കോഡ് സ്കാൻ ചെയ്യുന്നതിലൂടെ ലഭിക്കുന്നു. ക്യു ആർ കോഡ് ഉപയോക്താവിനെ, പഠനത്തിന്റെ ഭാഗമായി സൃഷ്ടിച്ച വെബ്സൈറ്റിലേക് എത്തിക്കുന്നു. വെബ്സൈറ്റിൽ ഉപയോക്താവിന് സസ്യത്തിന്റെ വിവിധ , ഉപയോഗങ്ങൾ, സസ്യം കാണപ്പെടുന്ന രാജ്യങ്ങൾ, ബൊട്ടാണിക്കൽ സവിശേഷതകൾ എന്നിവ അറിയുവാൻ സാധിക്കും. ഇത്രയധികം വിവരങ്ങൾ സസ്യത്തിന്റെ ലേബലിൽ കൊടുക്കുന്നത്, പ്രായോഗികമല്ലാത്തതിനാൽ ക്യു ആർ കോഡ് ഇതിനു പരിഹാരമാണ്. ഓരോ വെബ്സൈറ്റിന്റെയും ചുവടെ, ആൻഡ്രോയിഡ് ആപ്ലിക്കേഷന്റെ ഡൌൺലോഡ് ലിങ്ക് നൽകിയിട്ടുണ്ട്. ആയതിനാൽ *ഗോൾഡൻ ഫ്ലോറ* എന്ന ആപ്ലിക്കേഷൻ ഉപയോക്താവിന് സൗജന്യമായി ഡൌൺലോഡ് ചെയ്യാൻ കഴിയും. കനകക്കുന്ന കൊട്ടാരത്തിലെ എല്ലാ സസ്യങ്ങളുടെയും വിശദാംശങ്ങൾ ഇതിലൂടെ ഉപയോക്താവിന് ലഭിക്കും.



*ബോട്ടണി പ്രൊഫസർ ഡോ.ഗംഗപ്രസാദും വിദ്യാർത്ഥി അഖിലേഷും*

# ആളൊരുങ്ങി... അരങ്ങൊരുങ്ങി...



*ഇന്ദ്രൻസ്*

അമൃത സി വി

'ആളൊരുക്കം' എന്ന ചിത്രത്തിലെ അഭിനയത്തിനു മികച്ച നടനുള്ള ഈ വർഷത്തെ സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ ഇന്ദ്രൻസിനേയും ഈ ചിത്രത്തിന്റെ സംവിധായകനും ദേശീയ അവാർഡ് ജേതാവുമായ വി സി അഭിലാഷിനേയും കാര്യവട്ടം ക്യാമ്പസ് ഡിപ്പാർറ്റ്സ്മെന്റ് യൂണിയൻ ആദരിച്ചു. അകാട്ടിക് ബയോളജിയിൽ വെച്ച് നടന്ന ചടങ്ങിൽ സംവിധായകനും നടനും വിദ്യാർത്ഥികളോട് സംവദിച്ചു.

സ്മൃതി ഇറാനിയുടെ കൈയിൽ നിന്നും അവാർഡ് വാങ്ങുന്നതിനേക്കാൾ വീടിന്റെ അടുത്തുള്ള പോസ്റ്റ്മാൻ രാജേന്ദ്രേട്ടന്റെ കയ്യിൽ കയ്യിൽനിന്നും വാങ്ങുന്നതാണ് എനിക്കിഷ്ടം... ആളൊരുക്കത്തിലൂടെ സാമൂഹിക പ്രതിബദ്ധതയുള്ള മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടിയ മാധ്യമപ്രവർത്തകനും സംവിധായകനുമായ വി.സി. അഭിലാഷിന്റെ നിലപാട് വർത്തമാനകാല സാഹചര്യങ്ങളിൽ ശ്രദ്ധേയമാണ്.

വെള്ളിത്തിരയിലെ താരങ്ങളുടെ ശാരീരികസൗന്ദര്യത്തിനു പ്രാധാന്യം നൽകിയിരുന്ന കാലത്തു നിന്ന് നായക നടന്മാർക്കുള്ള ചേരുവകളായ ശാരീരിക സൗന്ദര്യം, ശബ്ദം, പൊക്കം, തടി എന്നിവയില്ലാതെ അഭിനയലോകത്തേക്ക് വന്നപ്പോഴും സഹപ്രവർത്തകരോട് സ്നേഹവും ബഹുമാനവും കാത്തുസൂക്ഷിക്കുന്നുണ്ട്.' ആളൊരുക്കത്തിലൂടെ മികച്ച നടനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിന് അർഹനായ ഇന്ദ്രൻസ് ജീവിതത്തിലും വിനയാന്വിതനാവുകയാണ്. യഥാർത്ഥ ജീവിതമെന്തെന്ന് അറിയുന്നവർ മാത്രം അൽപമെങ്കിലും പിടിച്ചു നിൽക്കുന്ന, കാലത്തിനൊപ്പം മാറിക്കൊണ്ടിരിക്കുന്ന സിനിമയിൽ ശരീരത്തിനനുസരിച്ചുള്ള ഹാസ്യ കഥാപാത്രങ്ങൾ ചെയ്ത് വളർന്ന ഒരു നടന് എന്തുകൊണ്ടോ ഒരു അവാർഡ് കിട്ടാൻ 37 വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു. സാമൂഹിക സാഹചര്യത്തിൽ വൈകിയെങ്കിലും ഇന്ദ്രൻസിനു കിട്ടിയ സംസ്ഥാന പുരസ്കാരം അദ്ദേഹത്തിന്റെ അഭിനയ പാടവത്തിനു ലഭിച്ച അംഗീകാരമാണ്.

37 വർഷത്തെ സിനിമാ ജീവിതത്തിൽ അഞ്ഞൂറോളം വേഷങ്ങൾ ചെയ്ത് ഒടുവിൽ ആളൊരുക്കത്തിലൂടെ മികച്ച നടനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയ ഇന്ദ്രൻസും അതേ ചിത്രത്തിന് ദേശീയ പുരസ്കാരം നേടിയ നവാഗത സംവിധായകനും മാധ്യമപ്രവർത്തകനുമായ വി. സി. അഭിലാഷും കാര്യവട്ടം ക്യാമ്പസിലെ വിദ്യാർത്ഥികളുമായി സംവദിച്ച *ഇന്ദ്രവിസ്മയം* വെള്ളിത്തിരയ്ക്കു പുറത്തു നിന്നുള്ള നടന്റെയും സംവിധായകന്റെയും ജീവിതത്തിന്റെ ചർച്ചാവേദിയായി മാറി.

## 8 രൂപ കൊടുക്കേണ്ടിടത്ത്

# ചിലവ് 80 രൂപ

കഴക്കൂട്ടം റെയിൽവേ സ്റ്റേഷനിൽ നിന്നും കാര്യവട്ടത്തേക്ക് ബസ്സ് സൗകര്യമില്ല.
8 രൂപ കൊടുക്കേണ്ടിടത്ത് വിദ്യാർത്ഥികൾക്ക് ചിലവ് 80 രൂപ

അനന്തു എ

**കഴക്കൂട്ടം:** കഴക്കൂട്ടം റയിൽവേ സ്റ്റേഷനിൽ നിന്നും കാര്യവട്ടം ക്യാമ്പസിലേക്ക് പോകുന്ന വിദ്യാർത്ഥികൾക്ക് ആവശ്യവായ ബസ് സൗകര്യം ഇല്ല. കൊല്ലം, വർക്കല ഭാഗത്ത് നിന്നും ക്യാമ്പസിലേക്ക് വരുന്ന ഭൂരിഭാഗം വിദ്യാർത്ഥികളും ട്രെയിനിനെ ആശ്രയിച്ചാണ് ക്യാമ്പസിലേക്ക് എത്തുന്നത്. ട്രെയിനിനെ ആശ്രയിക്കുന്ന നൂറിൽ പരം വിദ്യാർത്ഥികളാണ് ഈ ബുദ്ധിമുട്ട് അനുഭവിക്കുന്നത്.

9.40ന് കഴക്കൂട്ടം റയിൽവേ സ്റ്റേഷനിൽ എത്തുന്ന എറണാകുളം, തിരുവനന്തപുരം വഞ്ചിനാട് എക്സ്പ്രെസ്സിലാണ് കോട്ടയം, കൊല്ലം, വർക്കല ഭാഗത്തു നിന്നും വിദ്യാർത്ഥികൾ എത്തുന്നത്. എന്നാൽ ട്രെയിൻ 20 മിനുറ്റ് വൈകിയാൽ വിദ്യാർത്ഥികൾ ഓട്ടോറിക്ഷയിൽ പോകാൻ നിർബന്ധിതരാകുന്നു. റയിൽവേ സ്റ്റേഷനിൽ നിന്നും കാര്യവട്ടം ക്യാമ്പസ്സ് വരെ 80 രൂപയാണ് ഓട്ടോ ജീവനക്കാർ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നത്.

കാര്യവട്ടം ക്യാമ്പസ് വഴി ടെക്നോ പാർക്കിലേക്ക് 9 മണിക്ക് ഉണ്ടായിരുന്ന KS-RTC ബസ്സാണ് റയിൽവെ സ്റ്റേഷനിൽ നിന്ന് സർവീസ് നടത്തിയിരുന്ന ഏക ബസ്. എന്നാൽ കഴിഞ്ഞ മാസം ഈ സർവീസ് റദ്ദാക്കിയത് മുതൽ മറ്റു ട്രെയിനുകളിൽ വരുന്ന വിദ്യാർത്ഥികളും ഇതേ പ്രശ്നമാണ് നേരിടുന്നത്. ഒമ്പതരയോടെ പ്രവർത്തനം ആരംഭിക്കുന്ന ഡിപ്പാർട്ട്മെന്റുകളിലെ വിദ്യാർത്ഥികളെയാണ് പ്രധാനമായും ബാധിച്ചിരിക്കുന്നത്.

വൈകുന്നേരവും ഇതേ പ്രശ്നമാണ് വിദ്യാർത്ഥികൾ നേരിടുന്നത്. കെ .എസ്. ആർ.ടി.സി ബസിലോ, യൂണിവേഴ്സിറ്റി ബസിലോ രാവിലെയും, വൈകിട്ടും യാത്ര സൗകര്യം ഒരുക്കി തരണമെന്നാണ് വിദ്യാർത്ഥികളുടെ ആവശ്യം.



## *ആസാദിക്ക്* തിരികൊളുത്തി

# ചിതയുടെ കാവൽക്കാരി

അമൃത എസ്

**കാര്യവട്ടം:** വികാരങ്ങൾ നശിച്ച മനുഷ്യൻ മരണമെന്ന യാഥാർഥ്യത്തിലേക്ക് ചുവടുവെക്കുമ്പോൾ, കനൽ കൂട്ടികൊടുത്ത് പച്ചമാംസം കത്തുന്ന എറണാകുളം നഗരസഭയുടെ പൊതു ശ്മശാനത്തിൽ സലീന ഉണ്ടാവും.

മനുഷ്യ ജീവനുപോലും വില നൽകാത്ത ഈ സമൂഹത്തിന്റെ മറ്റൊരുകോണിൽ തികച്ചും വ്യത്യസ്തയായി മരണമെന്ന സത്യത്തെ ഉൾക്കൊള്ളാൻ തയ്യാറായ വ്യക്തിയാണ് സലീന. നിശ്ചലമായ ശവശരീരങ്ങൾക്ക് ചിതകൂട്ടി, അഗ്നി പകർന്ന്, അവശേഷിക്കുന്ന അസ്ഥികൾ പെറുക്കികൂട്ടി മരണത്തിനൊപ്പം നടക്കുന്ന ലോകത്തിലെ തന്നെ അപൂർവ വനിതകളിലൊരാളാണ് ഇവർ. ജീവിതത്തിന്റെ തുരുത്തിൽ ഒറ്റപെട്ടുപോകുമ്പോൾ അതിജീവനത്തിനായി ഉള്ളിലെ ഭയം മാറ്റിവെച്ചു നിശ്ചയദാർഢ്യത്തോടെ പടപൊരുതാൻ ഈ അമ്പതിനാലുകാരി ഇറങ്ങി പുറപ്പെട്ടിട്ട് പതിനഞ്ചു വർഷങ്ങൾ പൂർത്തിയാവുന്നു.മനുഷ്യശരീരത്തിന് അഗ്നി പകർന്നു



*സലീന മൈക്കിൾ*

അനന്തതയിലേ ക്കുള്ള താരാട്ടുപാട്ട് പാടിയുറക്കിയാണ് ഓരോ ആത്മാക്കളെയും അവർ യാത്രയാകുന്നത്. ഇരുട്ട് കനത്താലും കത്തിതീരാത്ത മൃത ശരിരങ്ങൾക്ക് അവർ കാവലിരിക്കും.

ചിത കത്തിക്കയറുമ്പോഴുള്ള പൊട്ടലുകളും ചീറ്റലുകളും കേട്ടുകൊണ്ട് പലപ്പോഴും നഗരസഭാ ശ്മശാനത്തിന്റെ കെട്ടിടത്തിനുള്ളിൽ തന്നെയാണ് സലീനയുടെ ഉറക്കവും. മരുന്ന് കഴിച്ച് ശരീരത്തിന്റെ താളം തെറ്റിയ മനുഷ്യ ശരീരങ്ങൾ കത്തിത്തീരാനായി മണിക്കൂറോളം കാത്തിരിക്കേണ്ടി വന്നിട്ടുണ്ട്, ഉദ്ഘാടന പ്രസംഗത്തിൽ സലീന പറഞ്ഞു.

ആർഭാടകരമായ ജീവിതത്തിനു വേണ്ടിയും,സ്വാർത്ഥതാല്പര്യങ്ങൾക്ക് വേണ്ടിയും മനുഷ്യനെ കൊന്നു ജീവിക്കുന്ന നരഭോജി സമൂഹത്തിനു മുന്നിൽ പച്ചയായ മനുഷ്യനായി ജീവിക്കുകയാണ് സലീന.ഓരോ മൃതശരീരത്തെ ബഹുമാനിക്കുകയും അവരുടെ ആത്മാവിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു സാധാരണക്കാരിയിലൂടെ മനുഷ്യന്റെ അസ്തിത്വത്തെ ബലപ്പെടുത്തുകകൂടിയാണ് ഇത് ചെയ്യുന്നത്.

ജീവിതസാഹചര്യങ്ങളുടെ കടുംപിടിത്തത്തിനിടയിൽ എത്തിപ്പെട്ടതാണെങ്കിലും മരവിച്ച ശരീരത്തെ മണ്ണുമായി കൂട്ടി കലർത്തുന്ന ഭൂമിയിലെ മാലാഖയുടേതാണ് ഈ കരങ്ങൾ.

കേരള സർവകലാശാല ക്യാമ്പസിലെ ഡിപ്പാർട്മെന്റ്സ് യൂണിയൻ *ആസാദി* യുടെ ഔദ്യോഗിക ഉദ്ഘാടനം ഏപ്രിൽ 4 ബുധനാഴ്ച സലീന മൈക്കിൾ നിർവഹിച്ചു.

കളരി
26 ജൂൺ 2018

# സ്ത്രീ സുരക്ഷിതയല്ല

സ്ത്രീ സുരക്ഷ മലയാളികളുടെ ചർച്ചാവിഷയമായിട്ട് നാളുകളേറെയായി. പ്രബുദ്ധരായ,സംസ്കാര സമ്പന്നരായ മലയാളികൾക്ക്  ഈ വിഷയം കേട്ടുമടുത്തതുമാണ്. ഒരുവശത്ത് പുരോഗമന ചർച്ചകൾ തകൃതിയായി നടക്കുമ്പോൾ മറുവശം കൂടി കാണേണ്ടതുണ്ട്. കഴിഞ്ഞ ദിവസം പുറത്തുവന്ന തോംസൺ റോയിറ്റേഴ്സ് വോട്ടെടുപ്പനുസരിച്ച് സ്ത്രീകളുടെ നില ഏറ്റവും അപായകരമായ രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തെത്തിയിരിക്കുകയാണ് ഇന്ത്യ. 2011ൽ ഇത് നാലാം സ്ഥാനമായിരുന്നു. പുരോഗമനമെല്ലാം വെറും വാക്കിലൊതുങ്ങുകയും പ്രവർത്തികൾ തികച്ചും വ്യത്യസ്തമായിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ്.

വിദ്യാഭ്യാസ  സാമൂഹിക സാമ്പത്തിക പുരോഗതി അവകാശപ്പെടുന്ന ഇന്ത്യയ്ക്ക് സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ ഇനിയും വളർച്ച കൈവരിക്കാൻ  കഴിയാത്തതിന് കാരണങ്ങൾ പലതാണ്. ഏറ്റവും പ്രധാനം മനോഭാവമാണ്.സ്ത്രീ സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന അടിസ്ഥാന വിശ്വാസമാണ് പ്രശ്നം.പക്ഷേ അത് സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുകയല്ലേ ചെയുന്നത് എന്ന ചിന്ത ചിലർക്കെങ്കിലും ഉണ്ടായേക്കാം. എന്നാൽ  ആത്യന്തികമായി അതൊരു അധികാരം സ്ഥാപിക്കലാണ്.പുരുഷനാവശ്യമില്ലാത്ത ഒരു സംരക്ഷണവും സ്ത്രീയ്ക്കും ആവശ്യമില്ല.ഈ സത്യം നിലനിൽക്കെ ,സ്ത്രീയ്ക്ക് മേലുള്ള ഈ അധികാരം അവകാശത്തിലേക്ക് വഴിമാറുന്നു. ഉടമസ്ഥാവകാശം! അങ്ങനെയാണ് സ്തീകൾക്കു  മാത്രം അസമയം ഉണ്ടാകുന്നതും വസ്ത്രധാരണത്തിൽ  പ്രശ്നങ്ങൾ ആരോപിക്കപ്പെടുന്നതും. മറ്റൊരാളുടെ മൂക്കിന് തുമ്പുവരെ മാത്രമേ തന്റെ സ്വാതന്ത്ര്യം നീളുന്നുള്ളൂ എന്ന് മനസിലാക്കി കഴിഞ്ഞാൽ പ്രശ്നങ്ങൾക്കു പരിഹാരമായി. ഈ ജനാധിപത്യ മനോഭാവമാണ് വേണ്ടത്.

സ്ത്രീകളുടെ സുരക്ഷയ്ക്ക് ഭീഷണിയുയർത്തുന്ന കാരണങ്ങപ്രശ്നങ്ങൾ  ഇനിയുമുണ്ട് . കേരളത്തിലെ സാമൂഹിക  പുരോഗതി ഇന്ത്യയിൽ  നിന്നും തികച്ചും വ്യത്യസ്തമാണ്. ഇന്ത്യയിലിനിയും വിദ്യാഭ്യാസം കൈയെത്തിപ്പിടിക്കാന് കഴിയാത്തവരുണ്ട് .അത്തരം പ്രാഥമിക അവകാശങ്ങൾ പോലും ലഭ്യമാക്കാതെ ഡിജിറ്റൽ ഇന്ത്യ സ്വപ്നം കാണുന്ന ഒരു രാജ്യത്ത് സ്ത്രീകളുടെ എന്നല്ല,പൗരന്മാരുടെ ഒരു അവകാശങ്ങളും സംരക്ഷിക്കപ്പെടുമെന്ന് കരുതാനാകില്ല.ജാതിയും മതവും ഏൽപ്പിക്കുന്ന പ്രഹരങ്ങളും അനുഭവിക്കേണ്ടി വരിക സ്ത്രീകളാണ്. അവരുടെ സ്വാതന്ത്ര്യത്തെ അടിച്ചമർത്തിയാണ് എല്ലാ മതങ്ങളും നിലനിൽക്കുന്നതും. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മുതൽ  സ്ത്രീധന പ്രശ്നങ്ങൾ വരെ നമ്മുടെ രാജ്യത്തെ സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നവയാണ്.ഇതിൽ കേരളവും പുറകിലല്ല എന്ന് കണക്കുകൾ തെളിയിക്കുന്നു.വിദ്യാഭ്യാസവും ബൗദ്ധിക നിലവാരവും ഒന്നും നമ്മുടെ മനോഭാവത്തെ സ്വാധീനിക്കുന്നില്ല എന്ന് കേരളം ഉദാഹരിക്കുന്നു.

ശക്തമായ നിയമത്തിന്റെ അഭാവമാണ് സ്ത്രീ സുരക്ഷ നേരിടുന്ന ഏറ്റവും രൂക്ഷമായ പ്രശ്നമായി കരുതുന്നത്.പക്ഷേ ശക്തമായ നിയമത്തിന്റെ അഭാവമല്ല,അത് നടപ്പിലാക്കുന്നതിലുള്ള വീഴ്ചയാണ് യഥാർത്ഥ പ്രശ്നം. തക്കതായ ശിക്ഷ ലഭിക്കാതെ പോകുന്ന കേസുകളുടെ എണ്ണം കൂടി വരുകയാണ്.സ്ത്രീകളുടെ നേർക്കുള്ള ആക്രമണ കേസുകളിൽ കൈക്കൊള്ളുന്ന അലംഭാവം തെറ്റുകളെ ലളിതവൽക്കരിക്കുകയാണ്.ഓരോ സ്ത്രീ പീഡന കേസുകളിലും വാദിക്കാനെത്തുന്ന ആളൂരിനെപ്പോലുള്ളവർ കുറ്റവാളികൾക്ക് നൽകുന്ന ധൈര്യം ചെറുതല്ല.പണവും സ്വാധീനവും എല്ലാ വിഷയത്തിലും എന്നപോലെ ഇക്കാര്യത്തിലും പ്രവർത്തിക്കുന്നു.

സ്ത്രീ സുരക്ഷയിലുള്ള നമ്മുടെ ശ്രദ്ധ വർദ്ധിക്കുമ്പോൾ തന്നെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കൂടുന്ന വൈരുദ്ധ്യമാണ്  ഇപ്പോഴുള്ളത്,  സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എല്ലാം സാധാരണമായ,അത്ഭുതമോ ആശ്ചര്യമോ ഭീതിയോ ജനിപ്പിക്കാത്ത സംഭവങ്ങളായി മാറിയിരിക്കുന്നു. മനോഭാവത്തിന്റെ അങ്ങേയറ്റം വെറുക്കപ്പെട്ട, ഭീതിതമായ നിസംഗത! സമൂലമായ മാറ്റത്തിലൂടെയല്ലാതെ സ്ത്രീ സുരക്ഷ ഉറപ്പുവരുത്താൻ  നമുക്കാവില്ല. അതായിരിക്കട്ടെ ഇന്ത്യയുടെ അടുത്ത ലക്ഷ്യവും



## കേരളത്തിൽ തലതിരിഞ്ഞ

# പനി; നിപ

അശ്വതി യേശുദാസ്

പേരാമ്പ്ര സൂപ്പിക്കടയിൽ സാബിത്ത് പകർച്ചാവ്യാധിയെ തുടർന്ന് മേയ് അഞ്ചിന് മരണമടഞ്ഞപ്പോൾ നിപ എന്ന വൈറസിനെ കുറിച്ച് ആരും അറിഞ്ഞിരുന്നില്ല. ആരോഗ്യ വകുപ്പിന്റെ പട്ടികയിലാകട്ടെ കേരളത്തിൽ ദിവസവും പനിയെത്തുടർന്ന് മരിക്കുന്ന പലരിൽ ഒരാളായി സാബിത്ത് എണ്ണപ്പെടുകയും ചെയ്തു. ചികിത്സിച്ച ഡോക്ടർമാരിൽ ചിലർ പ്രത്യേക വൈറസാണെന്ന സംശയം ഉന്നയിച്ചിരുന്നെങ്കിലും അതിന് വേണ്ട പരിഗണ ലഭിച്ചിരുന്നില്ല. സാബിത്തിന്റെ സഹോദരൻ സാലിഹിലും പിതാവിലും പിതാവിന്റെ സഹോദരന്റെ ഭാര്യയിലും സമാനമായ രോഗലക്ഷണം പ്രകടമായതോടെയാണ് ഗതി മാറിയത്. സാബിത്തിൽ നിന്നാണ് നിപ വന്നതെന്നായിരുന്നു അനുമാനം.

വവ്വാൽ കടിച്ച മാമ്പഴം കഴിച്ചതിനെ തുടർന്ന് രോഗം പിടിപെട്ടതെന്നാണ് അന്നത്തെ പ്രാഥമിക നിരീക്ഷണങ്ങളിൽ തെളിഞ്ഞത്. എന്നാൽ വവ്വാലുകളെ കേന്ദ്രീകരിച്ചുള്ള വിദഗ്ദ്ധ പഠനങ്ങളുടെ ഫലമായി ഇത് തെറ്റായ വാർത്തയാണെന്ന് തെളിഞ്ഞു. വിശദമായ പഠനങ്ങൾക്കൊടുവിൽ വൈറസ് പകർച്ചയ്ക്ക് പിന്നിൽ പഴംതീനി വവ്വാലുകളാണെന്ന് ഇന്ത്യന് കൗണ്സില് ഓഫ് മെഡിക്കൽ റിസേർച്ച് സംഘം സ്ഥിരീകരിച്ചു.

നിപ ബാധിച്ച രോഗിയെ പരിചരിക്കുന്നതിനിടെ രോഗം പിടിപെട്ടതിനെ തുടർന്ന് ലിനി എന്ന നേഴ്സ് മരണപ്പെട്ട സംഭവം കേരളത്തിലുണ്ടാക്കിയ ഭീതിയും ആശങ്കകളും ചില്ലറയൊന്നുമല്ല. ഇതേതുടർന്ന് ലിനിയുടെ കുടുംബത്തിനു സർക്കാർ നഷ്ടപരിഹാരം നൽകി. പിന്നീട് ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവരെ പൊതു ഇടങ്ങളിൽ അവഗണിക്കുന്ന അവസ്ഥ വരെ പേരാമ്പ്രയിൽ ഉണ്ടായി.

നിപ സ്ഥിരീകരിച്ച് ഒരുമാസത്തിനുള്ളിൽ ഈ വൈറസ് ബാധയെ തുടർന്ന് പതിനേഴ്പേർ മരണപ്പെട്ടു. മരണകാരണം കൃത്യമായി കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്ന സംവിധാനം കേരളത്തിലെ ആരോഗ്യരംഗത്തില്ലാത്തതിനാലാണ് സാബിത്തിന്റെ മരണ ശേഷം നിപ കൂടുതൽ പേരിലേക്ക് വ്യാപിച്ചതിന്റെ കാരണമെന്നും ഒരു വിഭാഗം ഡോക്ടർമാർ വിലയിരുത്തിയിരുന്നു.

### നിപ ആദ്യം എത്തിയത്..

നിപ വൈറസിനെ ആദ്യം കണ്ടെത്തിയത് മലേഷ്യയിലാണ്. 1998ൽ നൂറിലധികം മനുഷ്യർ മരണപ്പെടുകയും പന്നികൾ കൂട്ടത്തോടെ ചത്തൊടുങ്ങുകയും ചെയ്തതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിലായിരുന്നു ഈ കണ്ടെത്തൽ. രോഗം കണ്ടെത്തിയെ കാംപുങ് സുഗാംയ് നിപ മേഖലയുടെ പേരിലാണ് പിന്നീട് വൈറസ് അറിയപ്പെട്ടത്. പന്നികളായിരുന്നു അന്ന് ഈ വൈറസിനെ പകർത്തിയത്. പിന്നീട് കംബോഡിയ, തായ്ലൻഡ് എന്നിവിടങ്ങളിലും രോഗം റിപ്പോർട്ട് ചെയ്തു. 2004ൽ നിപ ബംഗ്ലാദേശിലുമെത്തി. റ്റീറോപ്പസ് വിഭാഗത്തിൽപെട്ട വവ്വാലുകൾ കടിച്ച ഈത്തപ്പഴങ്ങളിൽ നിന്നാണ് വൈറസ് മനുഷ്യരിലേക്ക് എത്തിയതെന്ന് അന്നത്തെ പഠനങ്ങളിൽ കണ്ടെത്തിയിരുന്നു.



## വിട പറഞ്ഞത്

# നൂറ്റാണ്ടിന്റെ ശാസ്ത്രപ്രതിഭ

അഞ്ജലി നായർ എസ്.എച്ച്

സ്റ്റീഫൻ ഹോക്കിങ്: ലോകം ഇതുവരെ കേട്ട ഏറ്റവും അത്ഭുതകരമായ  പ്രചോദനകഥയുടെ പേരാണത്. പ്രതിഭയുടെയും ഇച്ഛാശക്തിയുടെയും  അതിജീവനവീര്യത്തിന്റെയും ആ അനന്യകഥ ബാക്കിയാക്കി കഥാനായകൻ യാത്രയായിരിക്കുന്നു.

പ്രപഞ്ചം  എന്ന എക്കാലത്തെയും വലിയ വിസ്മയം പോലെ, സമാനതകളില്ലാത്ത മറ്റൊരു വിസ്മയമായിരുന്നു പ്രപഞ്ചോൽപത്തിയെക്കുറിച്ചു  ജീവിതം മുഴുവൻ അന്വേഷിച്ച സ്റ്റീഫൻ ഹോക്കിങ്ങും. അതിപ്രതിഭാശാലിയായ ശാസ്ത്രകാരനെന്നും  ആൽബർട്ട് ഐൻസ്റ്റീനു ശേഷം ലോകത്തു ജീവിച്ചിരിക്കുന്ന ഏറ്റവും പ്രഗൽഭമായ മസ്തിഷ്കത്തിന്റെ ഉടമയെന്നുമൊക്കെ  വിശേഷിപ്പിക്കപ്പെട്ട അദ്ദേഹം പക്ഷേ, ഏറ്റവും കൂടുതൽ സ്വയം അഭിമാനിച്ചിരിക്കുക തന്റെ യുദ്ധവിജയത്തിന്റെ പേരിലാവും. ശരീരത്തോടും ആയുസ്സിനോടും ഇങ്ങനെ പടവെട്ടി ജയിച്ച മറ്റൊരാളെ ശാസ്ത്രചരിത്രം കണ്ടിട്ടില്ല.

കേട്ടവരൊക്കെ ഹൃദിസ്ഥമാക്കിയതാണ് ആ കഥ. കൈകൾ നിയന്ത്രണാതീതമായി  വിറച്ചതിനെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ച ഇരുപത്തിയൊന്നുകാരനു രണ്ടു വർഷം കൂടിയേ ആയുസുള്ളൂവെന്നു ഡോക്ടർമാർ വിധിയെഴുതിയ കഥ. മോട്ടോർ ന്യൂറോൺ ഡിസീസ് ആദ്യം ചലനശേഷിയും പിന്നീടു സംസാരശേഷിയും കവർന്നെടുത്തപ്പോൾ , സ്റ്റീഫൻ ഹോക്കിങ്ങിന്റെ ജീവിതം വീൽച്ചെയറിൽ  തളക്കപ്പെട്ടു. ഡോക്ടർമാർ അനുവദിച്ച കാലാവധി കഴിഞ്ഞും മറ്റാരെക്കാളും അർഥവത്തായി മുന്നോട്ടുനീങ്ങിയ ആ ജീവിതമാണ് എഴുപത്തിയാറാം വയസ്സിൽ ഒരു ദീർഘ സുന്ദര ശാസ്ത്രസമവാക്യം പോലെ ഇപ്പോൾ അവസാനിച്ചത്.

രോഗത്തെക്കുറിച്ചും ജീവിതത്തിന്റെ കാലാവധിയെക്കുറിച്ചും കേട്ട വേളയിൽ താൻ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടതായാണ്  അദ്ദേഹത്തിനു തോന്നിയത്. പക്ഷേ, തോറ്റുകൊടുക്കാൻ പറ്റുമായിരുന്നില്ല. ഗവേഷണം ചെയ്യാനുള്ള വിഷയം തന്റെ ഗൈഡിനെ അറിയിക്കാനുള്ള ആലോചനകളിൽ വലഞ്ഞ സമയമായിരുന്നു അത്. വൈകാതെ അദ്ദേഹം ഗൈഡിനെ പോയി കണ്ട്, താൻ ഗവേഷണം ചെയ്യാൻ പോകുന്ന വിഷയം കണ്ടെത്തിയെന്നു അറിയിച്ചു. എന്താണതെന്ന ഗൈഡിന്റെ ചോദ്യത്തിന്റെ മറുപടി  സമയം എന്നായിരുന്നു. തീരാൻപോകുന്ന ജീവിതസമയത്തോടുള്ള പോരാട്ടവും അവിടെ തുടങ്ങി. ശാസ്ത്രരംഗത്തെ ഹോക്കിങ്ങിന്റെ പ്രധാന സംഭാവനകളെല്ലാം രോഗബാധയ്ക്കുശേഷമാണ്  ഉണ്ടായതാണെന്നുകൂടി ഓർമിക്കാം.

തമോഗർത്തങ്ങളേക്കുറിച്ചും പ്രപഞ്ചോൽപത്തിയേക്കുറിച്ചും നൂതന സിദ്ധാന്തങ്ങൾ ആവിഷ്കരിച്ച അദ്ദേഹം, ഇവയെല്ലാം സാധാരണക്കാർക്കു മനസ്സിലാക്കാനായി രചിച്ച പുസ്തകവും ചരിത്രമായി: *എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം*, ലോകത്ത് ഇതുവരെ പുറത്തിറങ്ങിയതിൽ ഏറ്റവും വിഖ്യാതമായ പോപ്പുലർ സയൻസ് പുസ്തകമെന്നാണു വിശേഷണം. മകളുടെ വിദ്യാഭ്യാസച്ചെലവിനു പണം കണ്ടെത്താൻ കൂടി രചിച്ച ആ പുസ്തകം അദ്ദേഹത്തെ ലോകപ്രശസ്തനാക്കി. മനുഷ്യചരിത്രത്തിൽ സമയത്തെയും ഭൗതികപ്രപഞ്ചത്തെയും സംബന്ധിച്ചു രൂപംകൊണ്ട അറിവുകളെ ക്രോഡീകരിച്ച ഈ പുസ്തകം മാത്രം മതി, അദ്ദേഹത്തെ  അനശ്വരനാക്കാൻ.

സ്വന്തം സിദ്ധാന്തത്തെ തിരുത്തണമെന്നു തോന്നിയപ്പോൾ അതിനും ആ ഭൗതികശാസ്ത്രജ്ഞൻ മടിച്ചില്ല. ജീവിതത്തിന്റെ ഓരോനിമിഷവും അദ്ദേഹം ആസ്വദിച്ചു. ഗഹനമായ ശാസ്ത്രവഴിയിലൂടെയുള്ള  വീൽച്ചെയർയാത്രയിലും സ്പീഡ് റേസ് ഇഷ്ടപ്പെട്ടു, ഉറക്കെ തമാശ പറഞ്ഞു ചിരിച്ചു, സിംഫണി കേട്ടു, പ്രണയിച്ചു. 2014ൽ ഫെയ്സ്ബുക്ക് പേജിൽ കുറിച്ച കന്നി സന്ദേശത്തിൽ കാലവും ശൂന്യാകാശവുമെന്ന പ്രഹേളികയ്ക്കു മുന്നിൽ തന്റെ അന്വേഷണകൗതുകം ഒരിക്കലും അവസാനിക്കില്ലെന്നു വ്യക്തമാക്കി സ്റ്റീഫൻ ഹോക്കിങ് ഇങ്ങനെ ലോകത്തെ ഓർമിപ്പിച്ചു: ജിജ്ഞാസ കൈമോശം വരാതെ സൂക്ഷിക്കൂ, എനിക്കൊപ്പം അത് എക്കാലവുമുണ്ടാകുമെന്ന് ഉറപ്പാണ്. ചക്രക്കസേരയെ ആവാസവും ആയുധവുമാക്കി, ശരീരത്തോടും സമയത്തോടും കഠിനയുദ്ധം ചെയ്തു വിജയിച്ച പോരാളീ, കാലം അങ്ങയുടെ നിത്യനിദ്രയ്ക്കു കാവൽ നിൽക്കുമെന്നു തീർച്ച.

# കേരളത്തിലെ വിനോദ സഞ്ചാര മേഖല സുരക്ഷിതമോ?

അനന്തു എ



കേരള ടൂറിസത്തെ പറ്റി
ലോക സഞ്ചാരി
സന്തോഷ് ജോർജ്ജ് കുളങ്ങര

ദൈവത്തിന്റെ സ്വന്തം നാടെന്ന് അറിയപ്പെടുന്ന കേരളത്തിൽ വിനോദ സഞ്ചാര മേഖലയുടെ നടത്തിപ്പ് സുഗമമോ? ഒരു രാജ്യത്തിന്റെ മുഴുവൻ വികസനത്തിനാവശ്യമായ വരുമാനം ടൂറിസം മേഖലയിൽ കൂടി കൈവരിക്കാമെന്ന് പല രാജ്യങ്ങളും ഇതിനോടകം തന്നെ തെളിയിച്ചതാണ്. പക്ഷെ ധാരാളം അവസരങ്ങൾ ഉണ്ടായിട്ടും വേണ്ടത്ര പ്രയോജനപെടുത്താൻ കേരളത്തിനാകുന്നില്ല. കേരളത്തിലെ വിനോദ സഞ്ചാര മേഖലയെ പറ്റി ലോക സഞ്ചാരിയും സഫാരി ചാനൽ ഉടമയുമായ സന്തോഷ ജോർജ് കുളങ്ങര പ്രതികരിക്കുന്നു.

ലോക നിലവാരത്തിലുള്ള ടൂറിസമാണ് കേരളം ലക്ഷ്യമിടുന്നതെങ്കിൽ ടൂറിസലക്ഷ്യങ്ങൾ പുനർരൂപകൽപ്പന ചെയ്യേണ്ടിയിരിക്കുന്നു. കേരളത്തിനു മാത്രമായി അതുല്യമായതെന്തൊക്കെ എന്ന് തിരിച്ചറിഞ്ഞ ശേഷം അതിനെ വികസിപ്പിക്കുക എന്നുള്ളതാണ് ആദ്യം ചെയ്യേണ്ടത്. കെനിയ, ടാൻസാനിയ പോലെയുള്ള രാജ്യങ്ങൾ വിനോദ സഞ്ചാരികളെ അവരുടെ നാട്ടിലേക്ക് ആകർഷിക്കുന്ന രീതി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഹൗസ് ബോട്ടുകളിലും,റിസോട്ടുകളിലും മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നായി കേരളത്തിലെ ടൂറിസം മാറിയിരിക്കുന്നു. അത്കൊണ്ട് തന്നെ യുവാക്കളെ ആകർഷിക്കാൻ നമ്മുടെ ടൂറിസത്തിനാകുന്നില്ല എന്നതാണ് സത്യം.

കേരളത്തിൽ വരുന്ന വിദേശികളിൽ അധികവും വാർധക്യം ബാധിച്ചവരാണ്. പ്രകൃതിയെ അടുത്തറിയാൻ വേണ്ടിയിട്ടാണ് വിദേശികൾ കേരളത്തിലേക്ക് എത്തുന്നത്. അവരെ ആകർഷിക്കാൻ വെറും ഹൗസ്ബോട്ടുകൾ കൊണ്ടോ, റിസോർട്ടുകൾ കൊണ്ടോ മാത്രം സാധിക്കില്ല. അവർക്ക് ആവശ്യമായിട്ടുള്ളത് പ്രകൃതിയെ തൊട്ടറിഞ്ഞ് കൊണ്ടുള്ള ടൂറിസമാണ്. അത് നൽകാൻ കേരള ടൂറിസത്തിന് കഴിയുന്നില്ല. ഈ കാരണങ്ങൾ കൊണ്ടാണ് യുവാക്കൾ അധികമായി ഇവിടെ സന്ദർശിക്കാത്തത്.

കേരളത്തിലെ സഹ്യപർവതനിരകൾ സൈക്കിളിങ്ങും, ട്രക്കിങ്ങും നടത്താൻ വിധത്തിൽ തയ്യാറാക്കി എടുക്കണം. മലയടിവാരങ്ങളിൽ ചെറിയ ടെന്റുകൾ കെട്ടി അവിടെ രാത്രികൾ ചിലവഴിക്കാൻ സൗകര്യം ഉണ്ടാക്കണം. അതുവഴി വിനോദ സഞ്ചാരികളായ യുവാക്കളേ കേരളത്തിലേക്ക് ആകർഷിക്കാൻ സാധിക്കും. ഇത്തരത്തിൽ ടൂറിസം മേഖലയെ പുതുക്കിപണിയുന്നതിലൂടെ കേരളത്തിലെ ഏറ്റവും വലിയ വരുമാനമാർഗമായി ടൂറിസത്തെ മാറ്റാൻ സാധിക്കും. യുവാക്കൾക്ക് ആവശ്യമായ ടൂറിസം പാക്കേജുകൾ ഒരിക്കിയാൽ മാത്രമേ കേരളത്തിലെ ടൂറിസത്തെ വികസിപ്പിക്കാൻ സാധിക്കൂ.



# സെല്ലുലോയ്ഡ്



## ലീലയുടെ കരിന്തണ്ടൻ

കരിന്തണ്ടനായി വിനായകനെത്തുമ്പോൾ ആദിവാസിമേഖലയിൽ നിന്നുള്ള ആദ്യ വനിതാ സംവിധായകയായി ലീല സിനിമാ ലോകത്തേക്കു ചുവടുവക്കുന്നു. വയനാടൻ ചുരം കണ്ടെത്തിയ കരിന്തണ്ടൻ മൂപ്പന്റെ കഥ പറയുന്ന ചിത്രം നിർമ്മിക്കുന്നത് കളക്റ്റീവ് ഫേസ് വൺ ആണ്.

## ചിത്രാഞ്ജലിയുടെ ചരിത്രത്തിലേക്ക്...


ലക്കി എസ് പ്രകാശ്

**തിരുവല്ല:** സിനിമയുടെ ചരിത്രമുറങ്ങുന്ന മണ്ണിലേക്കൊരു യാത്ര. പഴമയുടെ പ്രൗഢിയും പുതുമയുടെ വിസ്മയങ്ങളും സമീകൃതമായ സുന്ദര സിനിമലോകത്തിന്റെ പേര് ചിത്രാഞ്ജലി എന്നായിരുന്നു. കേരള സർവ്വകലാശാല കമ്മ്യൂണിക്കേഷൻ & ജേർണലിസം വകുപ്പിന്റെ രണ്ടാം സെമസ്റ്റർ വിദ്യാർഥികൾ തങ്ങളുടെ കമ്മ്യൂണിക്കേഷൻ ക്ലബ്ബിന്റെ പ്രവർത്തന ഭാഗമായിട്ടായിരുന്നു സ്റ്റുഡിയോ സന്ദർശിച്ചത്. പതിനാറ് പേരടങ്ങുന്ന സംഘം മേയ് 16 ന് രാവിലെ പത്തരയോടെ സ്റ്റുഡിയോയിൽ എത്തി.വർണ്ണശബളമായ പൂന്തോട്ടവും പച്ചപ്പുമാണ് വിദ്യാർഥികളെ വരവേറ്റത്.

തിരുവനന്തപുരം ജില്ലയിലെ തിരുവല്ലത്തു സ്ഥിതി ചെയ്യുന്ന ചിത്രാഞ്ജലി 37 വർഷം പിന്നിടുമ്പോൾ അനവധി ചിത്രീകരണങ്ങളുടെയും സന്ദർശനങ്ങളുടെയും കഥകളാണ് പങ്കുവെക്കുന്നത്.

1980ൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷന്റെ ഭാഗമായിട്ടാണ് സ്റ്റുഡിയോ രൂപീകരിച്ചതു.സിനിമയോടൊപ്പം സിനിമയുടെ ആവശ്യങ്ങൾ നിറവേറ്റി ചിത്രഞ്ജലിയും വളർന്നു.ഇതിന്റെ കൈയൊപ്പുകൾ ഇന്നിവിടെ ദൃശ്യമാണ്.ചരിത്രത്തിനൊപ്പം വളർന്ന വിവിധ തരം ക്യാമറകൾ, ലൈറ്റുകൾ, ലബോറട്ടറികൾ, എഡിറ്റിംഗ് സ്യൂട്ടുകൾ, ഡബ്ബിങ് സ്റ്റുഡിയോകൾ,ഡിടി എസ് മിക്സ്ങ് സൗകര്യങ്ങൾ, ഷൂട്ടിംഗ് ഫ്ലോറുകൾ, വിവിധ തരം സീറ്റുകൾ, കൂടാതെ പ്രകൃതയോടിണങ്ങി നിൽക്കുന്ന അന്തരീക്ഷവും ഇവിടെ ലഭ്യമാണ്.
സിനിമാ ലോകത്തിലെ വിസ്മയങ്ങളെ പരിചയപ്പെടുത്തുന്ന ചിത്രപ്രദർശനവും സന്ദർശകർക്കായി ഇവിടെ ഒരുക്കിയിരിക്കുന്നു. പഴമയിൽ നിന്നും പുതുമയിലേക്കുള്ള ചലച്ചിത്രലോകത്തിന്റെ യാത്രയുടെ തെളിവുകൾ ഇവിടെ പ്രധർശിപ്പിച്ചിരിക്കുന്നു.പഴയകാല ക്യാമറകളും ,ലൈറ്റുകളും,മയ്ക്കുകളും,ശബ്ദമിശ്രണ ഉപകരണങ്ങളും ആധുനിക യുഗത്തിലെ കുട്ടികളെ വിസ്മയിപ്പിക്കുന്നു.

മികച്ച പ്രോസസിംഗ് ലാബിനുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് 6 തവണ കരസ്ഥമാക്കിയ ചിത്രാഞ്ജലി സ്റ്റുഡിയോ ഒട്ടനവധി മലയാള ചിത്രങ്ങളുടെയും അന്യ ഭാഷ ചിത്രങ്ങളുടെയും പിറവിക്ക കാരണമായ ചരിത്രഭൂമിയാണ്.



*ചിത്രാഞ്ജലി സ്റ്റുഡിയോയിലെ എഡിറ്റ് റൂം*

## കുട്ടികളുടെ രാജ്യാന്തര ചലച്ചിത്രമേള: ഒറ്റനോട്ടത്തിൽ

അജയ് മോഹൻ

**തിരുവനന്തപുരം:** സംസ്ഥാന ശിശുക്ഷേമസമിതിയുടെ ആഭിമുഖ്യത്തിൽ ചലച്ചിത്രഅക്കാദമിയും, ചലച്ചിത്ര വികസന കോർപ്പറേഷനും,ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും, ചിൽഡ്രൻസ് ഫിലിം സൊസൈറ്റി ഓഫ് ഇന്ത്യയും സംയുക്തമായി സംഘടിപ്പിച്ച കുട്ടികളുടെ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് തലസ്ഥാനനഗരിയിൽ തിരശ്ശീല വീണു. മെയ് 14ന് ആരംഭിച്ച മേളയിൽ,കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികളും മുതിർന്നവരുമായ 6250 പ്രതിനിധികൾ പങ്കെടുത്തു. നഗരത്തിലെ ശ്രീചിത്രാ പുവർഹോമിൽ നിന്നും ആദിവാസിമേഖലകളിൽ നിന്നും വിവിധ അനാഥാലയങ്ങളിൽനിന്നുമുള്ള കുരുന്നുകൾക്ക് സിനിമ കാണാൻ മേള അവസരമൊരുക്കി. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ മേളയിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള 98 ചലച്ചിത്രങ്ങൾ ദൃശ്യവിരുന്നൊരുക്കി.

മെയ് 15ന് ടാഗോർ തിയേറ്ററിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ചലച്ചിത്രമേളയ്ക്ക് തിരിതെളിച്ചു.ലോകോത്തര നിലവാരം കാഴ്ചവെക്കുന്നതും തികച്ചും സമകാലീന സാമൂഹിക പ്രാതിനിധ്യമുള്ളതുമായ ചലച്ചിത്രങ്ങളാണ്മേളയിൽ പ്രദർശിപ്പിച്ചത്.



*കുട്ടികളുടെ രാജ്യാന്തര ചലച്ചിത്രമേള മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു*

ഹൗറ്റു മേക്ക് എ സിനിമ എന്ന സെഷനിൽ സിനിമാ മേഖലയിലെ പ്രമുഖരായ വി കെ ജോസഫ്, അനിൽ മുഖത്തല, ജ്യോതികുമാർ, ശ്രീനിവാസ്, ഹരികുമാർ മാധവൻ നായർ, പ്രേമചന്ദ്രൻ, സംവിധായകൻ എവി തമ്പാൻ എന്നിവർ കുട്ടികളുമായി സംവദിച്ചു. മീറ്റ് ദ ഡയറക്ടർ, മീറ്റ് ദ ആർട്ടിസ്റ്റ് എന്നീ സെഷനുകളിലൂടെ കുട്ടികൾ തങ്ങളുടെ പ്രിയപ്പെട്ട സിനിമാ താരങ്ങളെ പരിചയപ്പെട്ടു.

ഏഴു ദിനരാത്രങ്ങൾ നീണ്ടുനിന്ന കുട്ടികളുടെ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് മെയ് 20ന് തിരശ്ശീലവീണു. രാവിലെ11 മണിക്ക് നടന്ന സമാപന സമ്മേളനത്തിൽ കേരള നിയമസഭാ സ്പീക്കർപി ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു.

## ദ സ്ലേവ് ജനസിസ് പ്രദർശിപ്പിച്ചു

ഭവപ്രിയ ജെ യു

**കാര്യവട്ടം:** ഡിപ്പാര്ട്ട്മെന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ മെയ് 17ന് മികച്ച ആന്ത്രപോളജി ഡോക്യുമെന്ററിക്കുള്ള ഈ വര്ഷത്തെ ദേശീയ അവാർഡ് നേടിയ ദ സ്ലേവ് ജനസിസ് ഡോക്യുമെന്ററി, കാര്യവട്ടം ക്യാമ്പസ് ബോട്ടണി സെമിനാർ ഹാളിൽ പ്രദർശിപ്പിച്ചു. തുടർന്ന് ഡോക്യുമെന്ററിയുടെ സംവിധായകൻ അനീസ്. കെ.മാപ്പിള വിദ്യാർഥികളുമായി സംവദിച്ചു.

വയനാട്ടിലെ ആദിവാസി വിഭാഗമായ പണിയരുടെ ജീവിതമാണ് ദ സ്ലേവ് ജനസിസ് ഡോക്യുമെന്ററിയുടെ ഇതിവൃത്തം. മറ്റ് ആദിവാസി വിഭാഗങ്ങളെ അപേക്ഷിച്ച് പണിയരുടെ ജീവിതസ്ഥിതി വളരെ ദയനീയമായതുകൊണ്ടും വയനാട്ടിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ആദിവാസി വിഭാഗമായതുകൊണ്ടുമാണ് അവരുടെ ജീവിതം ദൃശ്യവത്കരിക്കാൻ തീരുമാനിച്ചതെന്ന് സംവിധായകൻ പറഞ്ഞു. മൂന്നര വർഷം കൊണ്ട് ചിത്രീകരിച്ച



*അനീസ്. കെ.മാപ്പിള*

ഡോക്യുമെന്ററിയിൽ പണിയരുടെ ജോലിയും,ആഘോഷങ്ങളും,ജീവിതചര്യകളും,വേഷവിധാനങ്ങളും,ആഭരണങ്ങളും,വിശ്വാസങ്ങളും എല്ലാം ചർച്ച ചെയുന്നു. പണിയരുടെ ചരിത്രം പറയുന്ന പേണപ്പാട്ടിലൂടെയാണ് ഡോക്യുമെന്ററിയുടെ ആഖ്യാനം. അരയ്ക്കു താഴെ ഭാര്യയും ഭർത്താവുമായി ജീവിച്ച സഹോദരീ സഹോദരന്റെ വംശപരമ്പരയുടെ കഥയാണ് പേണപ്പാട്ട്. പണിയരെ അടിമകളെപ്പോലെ വില്ക്കുകയും വാങ്ങുകയും ചെയ്തിരുന്ന ക്ഷേത്രത്തെക്കുറിച്ചും ഉത്സവത്തെക്കുറിച്ചും വ്യക്തമായ കാഴ്ച നല്കുന്നുണ്ട് ഇതിൽ. പണിയ സമുദായം തിങ്ങിപ്പാർക്കുന്ന ഊരുകളിൽ ചിത്രീകരണവേളയിൽ നേരിട്ട ബുദ്ധിമുട്ടുകളെക്കുറിച്ചും സംവിധായകൻ വിദ്യാര്ത്ഥികളുമായി പങ്കുവച്ചു.

ദേശീയ അവാർഡ് ബഹിഷ്കരിച്ച നിലപാടിനെ വിദ്യാർഥികൾ ചോദ്യം ചെയ്തു. രാഷ്ട്രപതി നല്കാത്ത അവാർഡ് ഒരു ബിജെപി നേതാവിൽ നിന്നും സ്വീകരിക്കാൻ താൻ തയാറല്ലെന്ന് അദ്ദേഹം തുറന്നടിച്ചു. വ്യക്തമായ രാഷ്ട്രീയസാമൂഹിക കാഴ്ചപ്പാടുള്ള അനീസിന്റെ വാക്കുകൾ വിദ്യാർഥികൾ സ്വാഗതം ചെയ്തു. ഡിപ്പാര്ട്ട്മെന്റ്സ് യൂണിയന്റെ സ്നേഹോപഹാരം ആർട്സ് ക്ലബ് സെക്രട്ടറി അമൃത സി വി അനീസിനു സമർപ്പിച്ചു.

## മരണത്തിന്റെ സത്യസന്ധമായ ചലച്ചിത്രാവിഷ്ക്കാരം

പി.ജെ.സാം അലക്സ്

*എടാ നീ എന്റെ അപ്പന്റെ ശവമടക്ക് കണ്ടിട്ടുണ്ടോ?* മകൻ ഈശിയോടു വാവച്ചൻ ആശാരിയുടെ ചോദ്യമാണ്. *ആലവട്ടോം വെഞ്ചാമരോം ബാന്റ് മേളോം മെത്രാനച്ചന്റെ ആശീർവാദോം, ഹോ! ആ ശവമടക്ക് കണ്ടാൽ ആർക്കാണെങ്കിലും ഒന്നു മരിക്കാൻ പൂതി തോന്നും...* അങ്ങനെയൊന്ന് മരിക്കാൻ പൂതി തോന്നിയൊരു അപ്പന്റെയും ആ അപ്പന്റെ ശവമടക്ക് നടത്താനുള്ള മകന്റെയും ശ്രമമാണ് *ഈ.മ.യൗ.* എന്നാൽ വെറുമൊരു ശവമടക്കിന്റെ കഥയല്ല *ഈ. മാ. യൗ.*

ഡോൺ പാലത്തറയുടെ 'ശവ'ത്തിന് ശേഷം, മരണത്തോളം വലിയ നേരില്ല എന്ന വസ്തുത ഇത്രയും സത്യസന്ധതയോടെ ലിജോ അല്ലാതെ മറ്റൊരു സംവിധായകൻ തിരശീലയിൽ അവതരിപ്പിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. മണ്ണിലുറച്ചു നിൽക്കുന്ന ജീവിതങ്ങൾ കെട്ടുറപ്പുള്ള തിരക്കഥയുടെ അകമ്പടിയോടെ വെള്ളിത്തിരയിൽ നിറഞ്ഞാടുന്നു. സമകാലീന സാമൂഹിക രാഷ്ട്രീയ അന്തരീക്ഷത്തെ വളരെ ലളിതവും, എന്നാൽ സൂക്ഷ്മവുമായ സംഭാഷണങ്ങളിലൂടെ പരിഹസിച്ചും വിമർശിച്ചും ചിത്രം മുന്നേറുന്നു.

ചെല്ലാനം എന്ന കടലോര മേഖലയിലെ ലത്തീൻ കത്തോലിക്കാ വിഭാഗത്തെയാണ് സംവിധായകൻ പ്രതിപാദിക്കുന്നത്. ഇതിലൂടെ മത-ജാതി രാഷ്ട്രീയത്തിന്റെ അധികം ചർച്ച ചെയ്യപ്പെടാത്ത സമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ട് വരാൻ സംവിധായകൻ ശ്രമിക്കുന്നു. കത്തോലിക്കാ സമൂഹത്തിൽ 'അയ്യപ്പൻ' എന്ന വാർഡ് മെമ്പർ ഉണ്ടാകുന്നതും ഈ സിനിമ പ്രതിപാദിക്കുന്ന രാഷ്ട്രീയം വ്യക്തമാക്കുന്നു.

വേർപാടിന്റെ വേദനയും മരണവീടിന്റെകലുഷിതമായ അന്തരീക്ഷവും ചുറ്റുമുള്ള ജീവിതങ്ങളുടെ പിരിമുറുക്കവും ക്യാമറയിലൂടെ ഗംഭീരമായി ഷൈജു ഖാലിദ് പകർത്തിയിട്ടുണ്ട്. ചെമ്പൻ വിനോദ്, വിനായകൻ, ദിലീഷ് പോത്തൻ,പോളി വിൽസൺ തുടങ്ങിയവർ അവരുടെ കഥാപാത്രങ്ങൾ ഗംഭീരമാക്കി. വികാരങ്ങളുടെ തീവ്രത അതിസൂക്ഷ്മമായി ഡിസൈൻ ചെയ്ത പശ്ചാത്തല സംഗീതത്തിലൂടെ ശക്തമായി പ്രശാന്ത് പിള്ള അവതരിപ്പിക്കുന്നു. മലയാള സിനിമയുടെ സ്ഥിരം ചിത്രീകരണ ശൈലിയിൽ നിന്ന് മാറി ഒരു ലാറ്റിൻ അമേരിക്കൻ സിനിമയുടെ സ്വഭാവം ലിജോ അവലമ്പിച്ചിട്ടുണ്ട്. ഇന്നോളം മലയാളി കണ്ടിട്ടില്ലാത്തൊരു ആവിഷ്കാര തലത്തിലേക്കാണ് നമ്മുടെ കാഴ്ചയെയും മനസിനെയും പെല്ലിശ്ശേരി കൈപിടിച്ച് ഉയർത്തുന്നത്. സിനിമയുടെ എല്ലാ തലത്തിലും ലിജോ ജോസ് പെല്ലിശ്ശേരി എന്ന സംവിധായകന്റെ ക്രാഫ്റ്റ് ഏറ്റവും പ്രകടമായ ചിത്രമാണ് *ഈ മാ യൗ.*




*ഈ മാ യൗ*

# പോലീസ് ഇനി കൈയെത്തും ദൂരത്ത്




*കഴക്കൂട്ടത്ത് സ്ഥാപിച്ച റെഡ് ബട്ടൺ പോലീസ്*

നന്ദഗോപൻ

**കഴക്കൂട്ടം:** അടിയന്തര ഘട്ടങ്ങളിൽ തുണയായി സംസ്ഥാന പോലീസിന്റെ റെഡ് ബട്ടൺ സംവിധാനം.റോബോട്ടിക്ക് സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന റെഡ് ബട്ടൺ ഇതിനോടകം പ്രചാരണം നേടി തുടങ്ങിയിരിക്കുന്നു. അത്യാവശ്യ സാഹചര്യങ്ങളിൽ പോലീസിനെ ഉടൻ വിവരമറിയിക്കാനുള്ള സംവിധാനമാണിത്. കഴക്കൂട്ടത്ത് സ്ഥാപിച്ച ഈ സംവിധാനം ഉടൻതന്നെ നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

എറണാകുളം ജില്ലയിലെ കാലടിയിലായിരുന്നു കേരളത്തിൽ ആദ്യമായി റെഡ് ബട്ടൺ പരീക്ഷിച്ചത് .യൗൾ ടെക്നോളജീസ് എന്ന സ്വകാര്യ സ്ഥാപനമാണ് റെഡ് ബട്ടണുവേണ്ട സാങ്കേതിക സഹായം നൽകുന്നത്.ആറ് ക്യാമറകൾ, പാനിക്ക് ബട്ടൺ ,അത്യാധുനിക സെൻസറുകൾ എന്നിവ അടങ്ങിയവയാണ് റെഡ് ബട്ടൺ എന്ന യന്ത്രം.അതോടൊപ്പം വിവരങ്ങൾ പോലീസ് കൺട്രോൾ റൂമിലേക്ക് അയക്കാൻ വേണ്ടിയുള്ള അത്യാധുനിക വയർലെസ്സ് ഇന്റർനെറ്റ് സേവനവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.ഈ യന്ത്രത്തിൽ ഘടിപ്പിച്ചിരിക്കുന്ന പാനിക്ക് ബട്ടണിലമർത്തിയാൽ വിവരം ഉടൻ തന്നെ പോലീസ് കൺട്രോൾ റൂമിലെത്തുന്നു.അതോടൊപ്പം തന്നെ ഇതിൽ ഘടിപ്പിച്ചിരിക്കുന്ന മൈക്കു വഴി ജനങ്ങൾക്ക് വിവരങ്ങൾ നേരിട്ട് കൈമാറാൻ സാധിക്കും.ഒരേ സമയം ഈ വിവരങ്ങൾ കൺട്രോൾ റൂമിലേക്കും കൺട്രോൾ റൂം വാഹനത്തിലുമെത്തുന്നു.അതുവഴി വളരെ ഫലപ്രദവും വേഗത്തിലുള്ളതുമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് ഈ പദ്ധതിക്കു പിന്നിൽ പ്രവർത്തിച്ച യൗൾ ടെക്ക് സി.ഈ ഒ പി.ആർ മോഹൻ പറഞ്ഞു.

ജനങ്ങൾക്ക് സംരക്ഷണവും നിയമ പരിരക്ഷയും ഉറപ്പാക്കുന്ന ഈ പദ്ധതിലൂടെ ഒരു പരിധിവരെ സമൂഹത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്ന് സംസ്ഥാന പൊലീസ് അവകാശപ്പെടുന്നു.

## പുതിയ മാറ്റങ്ങളുമായി

# നെറ്റ് പരീക്ഷ

അനന്തു എ

**തിരുവനന്തപുരം:** കോളേജ് അധ്യാപനത്തിനും ജൂനിയർ റിസർച് ഫെലോഷിപ്പോടെ (ജെ.ആർ.എഫ്) ഗവേഷണത്തിനുമുള്ള യോഗ്യതാപരീക്ഷയായ നാഷനൽ എലിജിബിലിറ്റി ടെസ്റ്റ് ഇനി പുതിയ മാറ്റങ്ങളോടെ. മൂന്ന് പേപ്പർ ഉണ്ടായിരുന്ന പരീക്ഷ രണ്ട് പേപ്പറായി ചുരുക്കിയതാണ് പരീക്ഷാ ഘടനയിൽ വരുത്തിയ ഏറ്റവും വലിയ മാറ്റം. നിലവിലെ 50 ചോദ്യങ്ങൾ ഉള്ള ജനറൽ പേപ്പറിന്റെ ഘടനയിൽ മാറ്റമില്ലെങ്കിലും സമയം പതിനഞ്ച് മിനിറ്റ് കുറച്ചിട്ടുണ്ട്. മുമ്പ് എഴുപത്തിയഞ്ച് മിനിറ്റ് ഉണ്ടായിരുന്ന ജനറൽ പേപ്പറിൻറെ സമയം അറുപത് മിനിറ്റാക്കി ചുരുക്കി.

മുൻ വർഷങ്ങളിൽ രണ്ട് പേപ്പറുകളിലായി നടത്തിയിരുന്ന ഓപ്ഷണൽ പേപ്പർ ഇനി മുതൽ ഒറ്റ പേപ്പർ മാത്രമായി നടത്തും. പേപ്പർ രണ്ടിൽ 50 ചോദ്യങ്ങൾ 75 മിനിറ്റ്, പേപ്പർ മൂന്നിൽ 75 ചോദ്യങ്ങൾ 150 മിനിറ്റ് എന്നിവക്ക് പകരം ഇനി 100 ചോദ്യങ്ങൾ അടങ്ങിയ 120 മിനിറ്റ് പരീക്ഷയായാണ് ഓപ്ഷണൽ പേപ്പർ നടത്തുക.

ഒരു ദിവസത്തെ മുഴുവൻ അധ്വാനമായിരുന്നു നെറ്റ് പരീക്ഷ എങ്കിൽ, ഇനി മുതൽ പരീക്ഷ രാവിലെ ഒമ്പതരക്ക് തുടങ്ങി ഒരു മണിക്ക് അവസാനിക്കും.


സമിശ്ര പ്രതികരണമാണ് ഇതിനോടകം ഉദ്യോഗാർത്ഥികളിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നത്. പേപ്പർ മൂന്നിന് കൂടുതൽ സമയം അനാവശ്യമായിരുന്നു എന്ന് അഭിപ്രായമുള്ളവർ പുതിയ മാറ്റത്തെ സ്വാഗതം ചെയ്തു

# ഭൗതികശാസ്ത്രത്തിന്റെ ഒരു സുദർശന നൂറ്റാണ്ട്

ലക്ഷ്മി മഹേശ്വർ

പ്രശസ്ത ശാസ്ത്രജ്ഞനായ ഇ. സി. ജോർജ്ജ് സുദർശൻ വിടവാങ്ങി. 2018 മെയ് 14 അമേരിക്കയിലെ ടെക്സാസിൽ വെച്ചാണ് അദ്ദേഹം മരിച്ചത്. 86 കാരനായ ഇദ്ദേഹം കഴിഞ്ഞ 40 വർഷമായി ടെക്സാസ് സർവകലാശാലയിൽ പ്രൊഫസർ ആയി സേവനമനുഷ്ഠിച്ചിരുന്നു. സൈദ്ധാന്തിക ഭൗതികശാസ്ത്രം, ഒപ്ടിക്കൽ കോച്ചുറൻസ്, ടാകിയൺസ്, ക്വാണ്ടം സെൻനോ എഫക്ട്, ഓപ്പൺ ക്വാണ്ടം സിസ്റ്റം, സ്പിൻ സ്റ്റാറ്റിസ്റ്റിക്സ് തിയറിം, ക്വാണ്ടം കംപ്യൂട്ടിംഗ് തുടങ്ങിയ മേഖലകളിൽ പ്രൊഫ.സുദർശൻ ശ്രദ്ധേയ സംഭാവനകൾ നൽകി. ഫിസിക്സ് തനിക്ക് എല്ലാമായിരുന്നു എന്ന് അദ്ദേഹം തെളിയിച്ചു. ഒമ്പത് തവണ നോബൽ സമ്മാനത്തിന് ശുപാർശ ചെയ്യപ്പെട്ടിരുന്നെങ്കിലും ഒരിക്കൽപ്പോലും നൽകപ്പെട്ടില്ല.

1931 സെപ്റ്റംബർ 16ന് കേരളത്തിലെ കോട്ടയം ജില്ലയിൽ ഒരു സിറിയൻ ക്രിസ്ത്യാനി കുടുബത്തിൽ ജോർജ്ജ് സുദർശൻ ജനിച്ചു. 1946, കോട്ടയം സിഎംഎസ് കോളേജ് വിദ്യാർത്ഥി ആയിരുന്ന അദ്ദേഹം 1951 ൽ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും ബിരുദവും, 1952ൽ മദ്രാസ് സർവ്വകലാശാലയിൽ നിന്ന് ബിരുദാനന്ത ബിരുദവും നേടി. തുടർന്ന്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിൽ, ഇന്ത്യൻ ആണവ ഭൗതിക ശാസ്ത്രജ്ഞനും, സ്ഥാപക ഡയറക്ടറും , ഫിസിക്സ് പ്രൊഫസ്സറുമായ ഹോമി ജനഹാംഗീർ ഭാഭയോടൊപ്പം സേവനമ നുഷ്ഠിച്ചു. 1958ൽ റോച്ച്സ്റ്റർ സർവ്വകലാശാലയിൽ നിന്നും പി എച്ച് ഡി ബഹുമതി നേടി. അദേഹത്തിന്റെ അക്കാദമിക്ക് കരിയറിലെ ഏറിയ ഭാഗവും അമേരിക്കയിൽ തന്നെ ആയിരുന്നു.



*ഇ. സി. ജോർജ്ജ് സുദർശൻ*

അമേരിക്കൻ ശാസ്ത്രജ്ഞനായ റോബർട്ട് യൂജീനൊപ്പം1957ൽ ദുർബലമായ ആശയവിനിമയത്തെക്കുറിച്ച് ഒരു സിദ്ധാന്തം അവതരിപ്പിച്ചു. എന്നാൽ ഈ സിദ്ധാന്തം, ഷെൽഡൺ ഗ്ലാഷ്, അബ്ദുസ്സലാം, സ്റ്റീവൻ വീൻബെർഗ് എന്നീ ഗവേഷകർ ചേർന്ന് വികസിപ്പിച്ചെടുത്തു. പിന്നീട് ഇത് ദുർബലമായ ഇടപെടലുകളുടെ ഇലക്ട്രോ ന്യൂട്രൽ സിദ്ധാന്തമായി പരിണമിച്ചു. 1979 ൽ ഈ മൂന്ന് പേർക്ക് നോബൽ സമ്മാനം ലഭിക്കുകയും സുദർശനും മാർഷും പുറന്തള്ളപ്പെടുകയും ചെയ്തു.

2007 ൽ ഇന്ത്യൻ ഗവൺമെന്റ് പത്മവിഭൂഷൺ ബഹുമതി നൽകി ആദരിച്ചു. 2010 ൽ ഡിറക് മെഡൽ അവാർഡും ലഭിച്ചു (സൈദ്ധാന്തിക ഭൗതികശാസ്ത്രം, കമ്പ്യൂട്ടേഷണൽ കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവയിൽ ഗവേഷകർക്ക് നൽകപ്പെടുന്ന ഉയർന്ന ബഹുമതി). എന്നാൽ സുദർശൻ ഗ്ലാവുർ കൂട്ടുകെട്ടിൽ 2005ൽ നടത്തിയ ശാസ്ത്ര ഗവേഷണത്തിൽ നോബൽ സമ്മാനം ഗ്ലാവുർ റോയ്ക്ക് മാത്രം നാമനിർദ്ദേശം ചെയ്യപ്പെട്ടു. നിർഭാഗ്യവശാൽ ഇവിടെയും ഇസിജി ഒഴിവാക്കപ്പെട്ടു. ദീർഘകാലം നോബൽ നീതിക്കായി കാത്തിരിക്കുകയായിരുന്നു അദ്ദേഹം. എന്നാൽ തന്റെ വിദ്യാർത്ഥികളായ ശാസ്ത്രജ്ഞർ സുദർശന്റെ കണ്ടുപിടുത്തം മുതലെടുത്ത് നോബൽ സമ്മാനത്തിന് അർഹരായി. ഈ വിഷയത്തെ സംബന്ധിച്ച് നിരവധി ശാസ്ത്രജ്ഞർ അക്കാദമിക്ക് എഴുതിയിരുന്നു, എന്നാൽ ഒന്നിനും നടപടി ഉണ്ടായില്ല.

ഇസിജി സുദർശന്റെ വിയോഗം ശാസ്ത്ര ലോകത്തിന് തീരാ നഷ്ടമാണ്.

## ചൂടേറിയ സംവാദങ്ങളുമായി

# കാന്താരി

ഭവപ്രിയ ജെ യു

**കാര്യവട്ടം:** തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയായ കാന്താരി ജൂൺ 3 രാവിലെ 10 ന് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പിൽ വച്ച് മോക് പ്രസ്സ് നടത്തി.കാന്താരി സംഘനയുടെ സ്ഥാപകരായ പോൾ,സാബ്രിയേ എന്നിവർ നേതൃത്വം നൽകി.

ട്രാൻസ്ലേഷ്യ എന്ന സാങ്കൽപ്പിക രാജ്യത്തിലെ സന്നദ്ധ സംഘടന പ്രവർത്തകരും മാദ്ധ്യമ പ്രവർത്തകരുമായുള്ള മോക് പ്രസ് മികച്ച അനുഭവമായിത്തീർന്നു.വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾക്ക് പ്രവർത്തിക്കാനാവശ്യമായ ശ്രദ്ധയും കരുതലും രൂപപ്പെടുത്താനും ജേർണലിസം വിദ്യാർത്ഥികൾക്ക് പ്രസ്സ് മീറ്റ് അനുഭവവേദ്യമാക്കാനുമാണ് കാന്താരിയുടെ ശ്രമമെന്ന് സ്ഥാപകർ പറഞ്ഞു.വിമർശനാത്മകമായി ചോദ്യങ്ങൾ ചോദിക്കാനും വിവരങ്ങൾ അറിയാനും വിദ്യാർത്ഥികളെ സജ്ജമാക്കുന്നതായിരുന്നു പ്രസ് മീറ്റ്.കഴിഞ്ഞ വർഷവും കാന്താരി ഈ പരിപാടി സംഘടിപ്പിച്ചിരുന്നു.

പ്രായോഗിക തലത്തിൽ വിജ്ഞാനം നേടാനുള്ള നല്ല അവസരം എന്ന നിലയിലാണ് ഇത്തരം പരിപാടികളെ സമീപിക്കേണ്ടതെന്ന് വകുപ്പ് മേധാവി ഡോ.എം.എസ്.ഹരികുമാർ പറഞ്ഞു.

## കുടിവെള്ളത്തിനായി ഇനി

# ബട്ടൺ അമർത്തൂ...

ആതിര എ എസ്

റെയിൽവേ സ്റ്റേഷനിൽ ഇനി മുതൽ ബട്ടണമർത്തിയാൽ കുറഞ്ഞ വിലയിൽ കുടിവെള്ളം.

തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ സ്ഥാപിച്ച വാട്ടർ വെന്റിങ് മെഷീൻ ഏറെ ജനശ്രദ്ധയാകർഷിക്കുകയാണ്.

റെയിൽവേയും സ്വകാര്യ സ്ഥാപനവും ചേർന്ന് തുടക്കം കുറിച്ച ഈ സംരംഭം വേറിട്ട പരീക്ഷണമാണ്. തുച്ഛമായ വിലക്ക് ഫലപ്രദമായ രീതിയിലാണ് വെന്റിങ് മെഷീൻ വഴി യാത്രികർക്ക് ദാഹജലം തമ്പാനൂരിൽ വിതരണം ചെയ്യുന്നത്.

കുപ്പി ഉൾപ്പെടെ ഒരു ലിറ്ററിനു 8 രൂപ നിരക്കിലാണ് കുടിവെള്ളം ലഭ്യമാകുന്നത്. ബട്ടൺ അമർത്തുന്നതിലൂടെ കുപ്പികളിൽ വെള്ളം നിറയുന്നു. കൗണ്ടറിൽ ആളില്ലെങ്കിൽ മറുവശം വഴി 5 രൂപ നാണയം മെഷീനിൽ ഇട്ടു വെള്ളം എടുക്കാനുള്ള സൗകര്യവുമുണ്ട്. കൈവശം കുപ്പി ഉണ്ടെങ്കിൽ അതിലും വെള്ളം നിറക്കാവുന്നതാണ്. റെയിൽവേയുടെ അംഗീകാരത്തോടെ, പൂർണമായും ശുദ്ധീകരിച്ച വെള്ളമാണ് എത്തിക്കുന്നത്.

‘6 മാസത്തെ കരാർ അടിസ്ഥാനത്തിലാണ് ഇവിടെ ജീവനക്കാരെ നിയമിക്കുന്നത്. അതിൽ കൂടുതലും സ്ത്രീകളാണ്. ‘തുടക്കത്തിൽ മെഷീനെ പറ്റി അധികമാർക്കും അറിയില്ലായിരുന്നു, എന്നാൽ ഇപ്പോൾ ദിനംപ്രതി തിരക്കേറി വരുന്നു’. ജീവനക്കാരി വിജയലക്ഷ്മി പറഞ്ഞു.

എല്ലാം യന്ത്രവത്കരിക്കപ്പെടുമ്പോൾ കുടിവെള്ളവും ആ മാറ്റത്തോട് പൊരുത്തപ്പെട്ടു.

കേരളത്തിലെ പ്രമുഖ സ്റ്റേഷനുകളിലെല്ലാം തന്നെ വാട്ടർ വെന്റിങ് മെഷീൻ സ്ഥാനം പിടിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ നിലവിൽ 2 മെഷീൻ പ്രവർത്തന യോഗ്യമാണ്. കുടിവെള്ളം അധിക വില കൊടുത്ത് വാങ്ങുന്ന സാഹചര്യത്തിൽ വെന്റിങ് മെഷീൻ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാകും.




*വാട്ടർ വെന്റിങ് മെഷീൻ*